# ഗിഫ്റ്റഡ് ചിൽഡ്രൻ പ്രോഗ്രാം

## മാർഗരേഖ

# ആമുഖം

**കേ**രളത്തിൽ സെക്കണ്ടറി തലത്തിലെ പ്രതിഭാധനരായ വിദ്യാർഥികൾക്കുവേണ്ടി പൊതുവിദ്യാഭ്യാസ വകുപ്പ് നടത്തുന്ന പ്രതിഭാപോഷണ പദ്ധതിയാണ് ഗിഫ്റ്റഡ് ചിൽഡ്രൻ പ്രോഗ്രാം. സവിശേഷ പ്രതിഭയുള്ള പഠിതാക്കൾ പ്രത്യേക പരിഗണന യർഹിക്കുന്നവരാണ്. സ്വാഭാവിക ക്ലാസ്റൂം പ്രവർത്തനങ്ങൾക്കുപരിയായ പ്രവർ ത്തനങ്ങൾ അവർക്കു നൽകേണ്ടതുണ്ട്. ബൗദ്ധികവും സർഗ്ഗാത്മകവുമായ ഉയർന്ന ശേഷികൾ വളർത്താനും ക്രിയാത്മകമായി പ്രയോജനപ്പെടുത്താനുമുള്ള അവസ രങ്ങൾ പ്രത്യേകമായി അവർക്കു നൽകണം. പഠിതാക്കളുടെ നവീന ആശയങ്ങൾ വെളിപ്പെടുത്താനും പരീക്ഷിച്ചുനോക്കാനുമുള്ള അവസരങ്ങളും ലഭ്യമാക്കണം. പുതിയ അറിവുകൾ സൃഷ്ടിച്ചെടുക്കുന്നതിനും വൈജ്ഞാനികലോകത്തെ അതി ന്റെ സമഗ്രതയിൽ ഉൾക്കൊള്ളുന്നതിനും സ്വയം അടയാളപ്പെടുത്തുന്നതിനും പ ഠിതാവിന് സാധിക്കും. നിർമ്മിതബുദ്ധി (Artificial Intelligence) അറിവിന്റെ മേഖ ലകൾ കൈയടക്കുന്ന ഈ കാലത്ത് മാനവികത നഷ്ടപ്പെടാതെ സൂക്ഷിക്കേണ്ടത് അത്യാവശ്യമാണ്. അതിനാൽ മൂല്യബോധവും മാനവികതയും ഉയർത്തിപ്പിടിക്കാ നും കുട്ടികൾക്കു കഴിയണം.

ഭാഷ, കല, സാഹിത്യം, ശാസ്ത്രം, സാങ്കേതികവിദ്യ, ഗണിതം, ചരിത്രം എന്നി ങ്ങനെ അറിവിന്റെ വിവിധ മേഖലകളിൽ അതിന്റെ ആഴവും പരപ്പും ഗ്രഹിക്കുന്ന പ്രതിഭകൾ നമുക്ക് വലിയ പ്രതീക്ഷ നൽകുന്നു. വിവരസാങ്കേതികവിദ്യയിലെ വി പ്ലവാത്മക മാറ്റങ്ങൾ, നിർമ്മിതബുദ്ധിയുടെ സാധ്യതകൾ, തുടങ്ങിയവ അറിയുന്ന തിനും നേരനുഭവങ്ങൾ നൽകി വൈവിധ്യമായ പഠനമേഖലകളിലൂടെ കടന്നുപോ കുന്നതിനുമുള്ള അവസരം പ്രതിഭാപോഷണപരിപാടിയിലൂടെ ലഭ്യമാവേണ്ടതുണ്ട്.

ഈ തിരിച്ചറിവിലാണ് പ്രതിഭാപോഷണ പരിപാടിക്കായി പ്രത്യേകം മാർഗരേഖ വികസിപ്പിക്കുന്നത്. വിദ്യാഭ്യാസ ജില്ലാടിസ്ഥാനത്തിൽ നടക്കുന്ന പ്രതിഭാപോഷണ പ്രവർത്തനങ്ങൾ കൂടുതൽ ശാസ്ത്രീയവും, കാര്യക്ഷമവും, മാതൃകാപരവുമാക്കാൻ ഈ മാർഗരേഖ ഉപകരിക്കും. ഗുണാത്മകവും കൃത്യവുമായ ധാരണയോടെ പ്രതി ഭകളെ വളർത്തിയെടുക്കാൻ മാർഗരേഖ പ്രയോജനപ്പെടുത്തുമല്ലോ.

**ഷാനവാസ് എസ്.** ഐ.എ.എസ്.
പൊതുവിദ്യാഭ്യാസ ഡയറക്ടർ

# ഉള്ളടക്കം


| | | |
|---|---|---|
| **1** | **ഗിഫ്റ്റഡ് ചിൽഡ്രൻ പ്രോഗ്രാം - ഉദ്ദേശ്യങ്ങളും ലക്ഷ്യങ്ങളും** | **7** |
| 1.1 | പ്രതിഭാധനരായ കുട്ടികളുടെ സവിശേഷതകൾ | 7 |
| 1.2 | രീതിശാസ്ത്രം | 8 |
| 1.3 | സർഗശാല | 9 |
| **2** | **പദ്ധതിയുടെ നടത്തിപ്പ്** | **10** |
| 2.1 | പ്രതിഭകളുടെ തിരഞ്ഞെടുപ്പ് | 10 |
| 2.2 | സംഘാടനം | 10 |
| 2.3 | റിസോഴ്സ് ഗ്രൂപ്പ് | 11 |
| 2.4 | ആക്ഷൻ പ്ലാൻ | 11 |
| 2.5 | മോണിറ്ററിങ് | 12 |
| 2.5.1 | ജില്ലാതല മോണിറ്ററിങ് | 12 |
| 2.5.2 | വിദ്യാഭ്യാസ ജില്ലാതല മോണിറ്ററിങ് | 12 |
| **3** | **ചുമതലകൾ** | **13** |
| 3.1 | വിദ്യാഭ്യാസ ഉപഡയറക്ടർ | 13 |
| 3.2 | ജില്ലാ വിദ്യാഭ്യാസ ഓഫീസർ | 13 |
| 3.3 | റിസോഴ്സ് ഗ്രൂപ്പ് | 14 |
| 3.4 | ഡയറ്റ് ഫാക്കൽറ്റി | 14 |
| 3.5 | കോ-ഓർഡിനേറ്റർ | 15 |
| 3.6 | സൂക്ഷിക്കേണ്ട രേഖകൾ | 15 |
| 3.6.1 | കോർഡിനേറ്റർ | 15 |
| 3.6.2 | ജില്ലാവിദ്യാഭ്യാസ ഓഫീസർ | 16 |

| | | |
|---|---|---|
| **4** | **പഠന രീതികളും തന്ത്രങ്ങളും** | **17** |
| 4.1 | വിഷയമേഖലകൾ | 17 |
| 4.2 | പഠനതന്ത്രങ്ങൾ | 18 |
| 4.2.1 | വിദഗ്ധരുടെ ക്ലാസുകൾ | 18 |
| 4.2.2 | സ്ഥാപന സന്ദർശനം | 18 |
| 4.2.3 | ഫീൽഡ് ട്രിപ്പ് | 18 |
| 4.2.4 | അഭിമുഖം | 19 |
| 4.2.5 | സംവാദം | 20 |
| 4.2.6 | സെമിനാറുകൾ | 20 |
| 4.2.7 | പ്രൊജക്ടുകൾ | 20 |
| 4.2.8 | റഫറൻസിങ് | 22 |
| **5** | **വിലയിരുത്തൽ ഘടകങ്ങൾ** | **23** |
| 5.1 | പ്രാഥമിക വിലയിരുത്തൽ | 23 |
| 5.2 | പ്രവർത്തനങ്ങളിലെ പങ്കാളിത്തം വിലയിരുത്തൽ | 23 |
| 5.3 | വിലയിരുത്തൽ രീതികൾ | 24 |
| 5.4 | പോർട്ട് ഫോളിയോ | 25 |
| 5.5 | ഫീഡ് ബാക്ക് | 26 |
| 5.6 | കോർഡിനേറ്റർമാർ കുട്ടികൾക്ക് നൽകേണ്ട ഫീഡ്ബാക്ക് | 26 |
| 5.7 | ഡോക്യുമെന്റേഷൻ | 27 |
| 5.8 | ഗിഫ്റ്റഡ് ചിൽഡ്രൻ ഡയറി | 28 |
| **6** | **വിഷയ മേഖലകൾ** | **29** |
| 6.1 | അടിസ്ഥാന ശാസ്ത്രവും സാങ്കേതികവിദ്യയും | 29 |
| 6.2 | പരിസ്ഥിതി ശാസ്ത്രം | 32 |
| 6.3 | സാമൂഹ്യശാസ്ത്രം | 34 |
| 6.4 | ഭൂഗർഭ ശാസ്ത്രം | 36 |
| 6.5 | ഗണിതശാസ്ത്രം | 37 |
| 6.6 | കലയും സംസ്കാരവും | 39 |
| 6.7 | ഭാഷയും സാഹിത്യവും ആശയവിനിമയശേഷിയും | 44 |
| 6.8 | ജീവിത നൈപുണിവികാസം | 46 |
| | രക്ഷിതാക്കളോട് | 46 |
| | ആർ.പിമാരോട് | 47 |
| | കുട്ടികളോട് | 47 |
| | അനുബന്ധങ്ങൾ | 49 |

# 1
# ഗിഫ്റ്റഡ് ചിൽഡ്രൻ പ്രോഗ്രാം
## (ഉദ്ദേശ്യങ്ങളും ലക്ഷ്യങ്ങളും)

കേരളത്തിലെ തിരഞ്ഞെടുക്കപ്പെടുന്ന പ്രതിഭാധനരായ സെക്കന്ററി ക്ലാസ് വിദ്യാർഥികൾക്കു വേണ്ടി നടത്തുന്ന പ്രവർത്തനപരിപാടിയാണ് ഗിഫ്റ്റഡ് ചിൽഡ്രൻ പ്രോഗ്രാം. സ്വാഭാവിക ക്ലാസ്റൂം പ്രവർത്തനങ്ങളിൽനിന്ന് ഉയർന്ന തലത്തിലുള്ള അനുഭവങ്ങളാണ് പ്രതിഭകളായ കുട്ടികൾക്കു ലഭ്യമാക്കുക. ഓരോ വിദ്യാർഥിയുടെയും സവിശേഷമായ പ്രതിഭ(Giftedness) തിരിച്ചറിയാനും പ്രോത്സാഹനം നൽകാനും ഈ പദ്ധതിയിലൂടെ സാധിക്കുന്നു.

### 1.1 പ്രതിഭാധനരായ കുട്ടികളുടെ സവിശേഷതകൾ

പ്രതിഭാധനരായ കുട്ടികളുടെ സവിശേഷതകളും അവർക്ക് നൽകേണ്ട പഠനാനുഭവങ്ങളും സംബന്ധിച്ച ചർച്ചകൾ വിദ്യാഭ്യാസരംഗത്ത് എന്നും സജീവമാണ്. സഹപഠിതാവിൽ നിന്നും വ്യത്യസ്തമായ സാമൂഹികവും വൈകാരികവും ബൗദ്ധികവുമായ പഠനാവശ്യങ്ങളാണ് പ്രതിഭാധനരായ കുട്ടികൾക്കുള്ളത്.

- സങ്കീർണ്ണവും അമൂർത്തവുമായ ആശയങ്ങൾ വേഗത്തിൽ ഗ്രഹിക്കാനുള്ള കഴിവ്.
- തീവ്രമായ ജിജ്ഞാസയും അന്വേഷണാത്മകതയും.
- പ്രശ്നങ്ങൾ വിശകലനം ചെയ്യുന്നതിലും യുക്തിസഹമായി ചിന്തിക്കുന്നതിലും സൃഷ്ടിപരവും മൗലികവുമായ പരിഹാരങ്ങൾ കണ്ടെത്തുന്നതിലും മികവ്.
- അമൂർത്തവും സങ്കീർണ്ണവും ഉൾക്കാഴ്ചയുമുള്ള ചിന്ത
- സർഗാത്മകവും ഭാവനാത്മകവുമായ സ്വഭാവസവിശേഷതകൾ
- **ഉജ്ജ്വലമായ ഭാവന:** ഭാവനാത്മക കളികളിൽ ഏർപ്പെടൽ, വിശദമായ കഥകൾ സൃഷ്ടിക്കൽ, വിവിധ രൂപങ്ങളിലൂടെ (കല, സംഗീതം, എഴുത്ത്) സർഗാത്മകത പ്രകടിപ്പിക്കാം.

- **നേതൃത്വ ഗുണങ്ങൾ:** മുൻകൈയെടുക്കാനും മറ്റുള്ളവരെ പ്രചോദിപ്പിക്കാനും നയിക്കാനും കഴിയും.

സവിശേഷമായ കഴിവുകൾ പ്രകടിപ്പിക്കുന്ന പഠിതാക്കൾക്ക് ക്ലാസ്റൂം പ്രവർത്തനങ്ങളിൽനിന്ന് വ്യത്യസ്തവും നവീനവുമായ അധിക പ്രവർത്തനങ്ങൾ നൽകേണ്ടതുണ്ട്. കുട്ടിയുടെ ചിന്തയും പ്രാഗത്ഭ്യവും കഴിവും ആശയധാരണയും വർദ്ധിപ്പിക്കാൻപ്രതിഭാ പരിപോഷണ പരിപാടികൾ ആവശ്യമാണ്.

പ്രതിഭാധനരായകുട്ടികൾക്ക് അനുയോജ്യമായ വിധത്തിൽ പഠനാനുഭവങ്ങൾ വിനിമയം ചെയ്യാൻ സാധ്യമായാൽ അത് പൊതുസമൂഹത്തിന് മികച്ച മുതൽക്കൂട്ടായിരിക്കും.

## ഉദ്ദേശ്യങ്ങൾ

- പ്രതിഭാധനരായ വിദ്യാർഥികളെ സമൂഹത്തിൽ നേതൃത്വപരമായ പ്രവർത്തനങ്ങളിലേക്ക് നയിക്കുന്നതിനായി വൈവിധ്യമാർന്ന അനുഭവങ്ങൾ ഒരുക്കുക
- വിവിധ വിഷയ മേഖലകളിലെ നൂതനാശയങ്ങൾ കുട്ടികളെ പരിചയപ്പെടുത്തുക
- കുട്ടികളിലുള്ള സർഗ്ഗാത്മകവും ക്രിയാത്മകവുമായ ചിന്തകൾക്ക് ഉദ്ദീപനം നൽകുക
- ശാസ്ത്ര-സാമൂഹ്യശാസ്ത്ര-സാങ്കേതിക-കലാ-വിദ്യാഭ്യാസ സ്ഥാപനങ്ങൾ സന്ദർശിച്ച് അവയുടെ പ്രവർത്തനമികവും സാമൂഹിക ദൗത്യവും തിരിച്ചറിയാനുള്ള അവസരം നൽകുക
- കുട്ടികളിൽ ഉയർന്ന സാമൂഹികമൂല്യങ്ങൾ വളർത്തിയെടുത്ത് അവ നിത്യജീവിതത്തിൽ പ്രയോഗിക്കുന്നതിനു പ്രാപ്തരാക്കുക
- നൂതനാശയങ്ങൾ രൂപവത്ക്കരിക്കാനും അവതരിപ്പിക്കാനും കുട്ടികളെ പ്രാപ്തരാക്കുക
- ആധുനിക കാലഘട്ടത്തിലെ ജീവിതനൈപുണികൾ ആർജ്ജിക്കുവാൻ സഹായിക്കുക

## 1.2 രീതിശാസ്ത്രം

വിദ്യാർഥി കേന്ദ്രീകൃതമായ രീതിശാസ്ത്രമാണ് ഈ പദ്ധതി നടത്തിപ്പിന് അവലംബിക്കേണ്ടത്. പ്രതിഭാപോഷണത്തിന് അനുയോജ്യമായ പഠനാനുഭവങ്ങൾ ഒരുക്കി നൽകണം. കുട്ടികളുടെ അഭിരുചികളും പ്രാഗല്ഭ്യവും തിരിച്ചറിയാനുള്ള പ്രവർത്തനങ്ങൾ പ്രാരംഭഘട്ടത്തിൽത്തന്നെ പൂർത്തിയാക്കണം.

പ്രവർത്തനങ്ങളെ ക്രിയാത്മകവും സർഗ്ഗാത്മകവുമാക്കുന്നതിനുള്ള തന്ത്രമെന്നനിലയിൽ **സർഗശാല** സങ്കൽപത്തിലേക്ക് ക്ലാസുകളെ പരിവർത്തിപ്പിച്ചെടുക്കേണ്ടതു

ണ്ട്. ശിശുസൗഹൃദമായ ഭൗതിക-സാമൂഹ്യ-അക്കാദമിക അന്തരീക്ഷമാണ് സർഗ ശാലയിൽ ഒരുക്കേണ്ടത്. ഓരോ സർഗശാലയിലും അനുയോജ്യമായ വിധത്തിൽ പ്രാദേശിക വിഭവങ്ങൾ കൂടി ഉൾച്ചേർത്ത് പ്രവർത്തനങ്ങൾ രൂപകല്പന ചെയ്യണം.

പങ്കെടുക്കുന്ന ഓരോ പ്രവർത്തനത്തിൽ നിന്നും കുട്ടികൾ നേടുന്ന കഴിവുകൾ സൂക്ഷ്മമായി വിലയിരുത്തുകയും രേഖപ്പെടുത്തുകയും ചെയ്യുന്ന രീതിയാണ് ഈ പദ്ധതിയുടെ എല്ലാ ഘട്ടങ്ങളിലും സ്വീകരിക്കേണ്ടത്. കർമ്മപദ്ധതിയിൽ തന്നെ ഇത് കൃത്യമായി പ്രതിപാദിക്കേണ്ടതാണ്. ഓരോ പ്രവർത്തനവും പൂർത്തിയാകുമ്പോൾ മികവുകൾ വിലയിരുത്തപ്പെടണം. ഡിജിറ്റൽ സംവിധാനം ഉപയോഗപ്പെടുത്തിയാൽ ഈ പ്രക്രിയ ലളിതമാക്കാം. വിദ്യാർഥികളുടെ പഠനമികവുകൾ സമാഹരിക്കുന്ന തിനായി **ഡിജിറ്റൽ പോർട്ട്ഫോളിയോ** മാതൃകയും അവലംബിക്കാവുന്നതാണ്. മൂന്നുവർഷത്തെ നിരന്തരമായ പരിശീലനത്തിനു ശേഷം കുട്ടികൾ ഉപരിപഠനത്തി നായി പോകുമ്പോൾ അവർക്ക് സ്വന്തം പ്രവർത്തനങ്ങളെ വിമർശനാത്മകമായി നോക്കിക്കാണാൻ സഹായകമായ ഒരു രേഖയായി ഇതു വികസിപ്പിക്കണം.

## 1.3 സർഗശാല

ഗിഫ്റ്റഡ് ചിൽഡ്രൻ പദ്ധതിയിൽ ഉൾപ്പെട്ട കുട്ടികളുടെ പഠനകേന്ദ്രങ്ങളാണ് സർ ഗശാലകൾ. ശിശുസൗഹൃദമായ അക്കാദമിക-ഭൗതിക-സാമൂഹിക അന്തരീക്ഷം സർഗശാലയിൽ ഒരുക്കിയെടുക്കണം. പഠിതാക്കളുടെ സർഗാത്മകതയും നവീനാ ശയങ്ങളും പ്രകടിപ്പിക്കാനും പരിപോഷിപ്പിക്കാനുമുള്ള വേദിയാണിത്. വിവിധ മേ ഖലകളിൽ വൈദഗ്ധ്യം നേടിയവരുമായി സജീവമായി ഇടപെട്ട് പ്രവർത്തിക്കാൻ അവസരം ലഭിക്കുമ്പോൾ പ്രതിഭകൾക്ക് അവരുടെ കഴിവുകളെ കൂടുതൽ മികവു റ്റതാക്കാൻ കഴിയും.

സർഗശാല തിരഞ്ഞെടുക്കുമ്പോൾ പ്രസ്തുത വിഷയങ്ങളുമായി ബന്ധപ്പെട്ട പരീ ക്ഷണങ്ങൾ, മറ്റ് വിഷയാനുബന്ധ പ്രവർത്തനങ്ങൾ എന്നിവ നടത്താനുള്ള സൗ കര്യങ്ങൾ ഉറപ്പാക്കണം. വിദ്യാഭ്യാസ ജില്ലയുടെ വിവിധ പ്രദേശങ്ങളിൽ നിന്ന് സുഗമമായി എത്തിച്ചേരാൻ സൗകര്യമുള്ള കേന്ദ്രങ്ങൾ വേണം സർഗശാലയായി തിരഞ്ഞെടുക്കേണ്ടത്. വിഷയത്തിന്റെ പ്രധാന്യത്തിനനുസൃതമായി വിവിധ കേന്ദ്ര ങ്ങളിൽ ആവശ്യമെങ്കിൽ സർഗശാലകൾ സജ്ജീകരിക്കാവുന്നതാണ്.

# 2
# പദ്ധതിയുടെ നടത്തിപ്പ്

പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള വിദ്യാലയങ്ങളിൽ പഠിക്കുന്ന കുട്ടിക ളെയാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. സൂക്ഷ്മമായി ആസൂത്രണം ചെയ്ത പ്രവർത്തനങ്ങളാണ് ഗിഫ്റ്റഡ് ചിൽഡ്രൻ പദ്ധതിയുടെ ഭാഗമായി ഏറ്റെ ടുക്കേണ്ടത്.

## 2.1 പ്രതിഭകളുടെ തിരഞ്ഞെടുപ്പ്

റവന്യൂജില്ലയിലെ ഓരോ വിദ്യാഭ്യാസ ജില്ലയിലും യു.എസ്.എസ് പരീക്ഷയിൽ ഉയർ ന്ന റാങ്ക് കരസ്ഥമാക്കുന്ന 40 കുട്ടികളെയാണ് പ്രതിഭകളായി തിരഞ്ഞെടുക്കുന്നത്. യു.എസ്.എസ് പരീക്ഷയിൽ മികച്ച വിജയം നേടിയ കുട്ടികളെ ഓരോ വിദ്യാഭ്യാസ ജില്ലയിൽനിന്നും ജനറൽ വിഭാഗം-30, ഒ.ബി.സി വിഭാഗം-2, ഒ.ഇ.സി-2, എസ്.സി-2, എസ്.ടി-2, സി.ഡബ്ല്യു.എസ്.എൻ-2 എന്ന മാനദണ്ഡപ്രകാരം തിരഞ്ഞെടുക്കുന്നു.

സംസ്ഥാനത്തെ 41 വിദ്യാഭ്യാസ ജില്ലകളിൽനിന്നായി ഓരോ വർഷവും 1640 കുട്ടി കൾ തിരഞ്ഞെടുക്കപ്പെടുന്നു. മൂന്നുവർഷം നീണ്ടുനിൽക്കുന്ന പ്രവർത്തന പരിപാ ടികളിലാണ് കുട്ടികൾ പങ്കാളികളാകുന്നത്. 8,9,10 ക്ലാസുകളിലായി 4920 കുട്ടികൾ ഒരുവർഷം ഈ പരിപാടിയിൽ പങ്കാളികളാകുന്നു.

## 2.2 സംഘാടനം

ഓരോ വിദ്യാഭ്യാസജില്ലയിലും തിരഞ്ഞെടുത്തിട്ടുള്ള കോർഡിനേറ്റർമാരുടെ സഹാ യത്തോടെ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാരാണ് പദ്ധതി നടപ്പിലാക്കേണ്ടത്. പദ്ധതി നടത്തിപ്പിനായി ജില്ലാ വിദ്യാഭ്യാസ ഓഫീസർമാരുടെ നേതൃത്വത്തിൽ ഒരു റിസോ ഴ്സ് ഗ്രൂപ്പ് രൂപവത്ക്കരിക്കേണ്ടതാണ്. റിസോഴ്സ് ഗ്രൂപ്പ് അംഗീകരിച്ച ആക്ഷൻ പ്ലാൻ പ്രകാരമുള്ള പ്രവർത്തനങ്ങളാണ് സംഘടിപ്പിക്കേണ്ടത്. പ്രവർത്തനങ്ങളിൽ എല്ലാ വിദ്യാർഥികളുടെയും പങ്കാളിത്തം ഉറപ്പാക്കേണ്ടതാണ്. രക്ഷിതാക്കളുടെ

നിരന്തര പിന്തുണ ഉറപ്പു വരുത്തുന്നതിനായി ആവശ്യമായ സന്ദർഭങ്ങളിൽ രക്ഷാകർതൃയോഗങ്ങളും രക്ഷിതാക്കൾക്കുള്ള ബോധവത്കരണ പരിപാടികളും സംഘടിപ്പിക്കേണ്ടതാണ്.

## 2.3 റിസോഴ്സ് ഗ്രൂപ്പ്

വിദ്യാഭ്യാസജില്ലാതലത്തിൽ രൂപവത്കരിക്കപ്പെടുന്ന റിസോഴ്സ് ഗ്രൂപ്പിന്റെ മേൽനോട്ടത്തിലാണ് ഗിഫ്റ്റഡ് കുട്ടികളുടെ പഠനപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടത്.

### റിസോഴ്സ് ഗ്രൂപ്പിന്റെ ഘടന

| | |
|---|---|
| ചെയർമാൻ | - ജില്ലാ വിദ്യാഭ്യാസ ഓഫീസർ |
| കൺവീനർ | - ഡയറ്റ് ഫാക്കൽറ്റി |
| ജോയിന്റ് കൺവീനർ | - വിദ്യാഭ്യാസ ജില്ലാ കോർഡിനേറ്റർ (ഗവ.സെക്കന്ററി സ്കൂൾ ടീച്ചർ) |
| മെമ്പർമാർ | - ഗവേഷണ സ്ഥാപനത്തിലെ ഒരു വിദഗ്ധൻ |
| | - ഉന്നത വിദ്യാഭ്യാസ സ്ഥാപനത്തിലെ ഒരു വിദഗ്ധൻ |
| | - പ്രോഗ്രാം ഓഫീസർ, എസ്.എസ്.കെ |
| | - ഒരു പ്രധാനാധ്യാപകൻ/അധ്യാപിക |
| | - ഗിഫ്റ്റഡ് കുട്ടികളുള്ള വിദ്യാലയത്തിലെ ഒരു ടീച്ചർ |
| | - രണ്ടു വിദഗ്ധരെ കൂടി പ്രത്യേക ക്ഷണിതാക്കളായി ഉൾപ്പെടുത്താവുന്നതാണ്. |

## 2.4 ആക്ഷൻ പ്ലാൻ

ജില്ലാവിദ്യാഭ്യാസ ഓഫീസർമാർ റിസോഴ്സ് ഗ്രൂപ്പ് യോഗം ചേർന്ന് ഓരോ മാസത്തിലും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങളുടെ ആക്ഷൻ പ്ലാൻ തയ്യാറാക്കേണ്ടതാണ്. പ്രവർത്തനങ്ങളെ സമഗ്രമായി കണ്ടുകൊണ്ട് എല്ലാ മേഖലകൾക്കും പ്രാതിനിധ്യം ഉറപ്പാക്കുവാൻ ശ്രദ്ധിക്കണം. ആക്ഷൻ പ്ലാനിന്റെ മാതൃക അനുബന്ധം 5 ആയി ചേർത്തിരിക്കുന്നു. റിസോഴ്സ് ഗ്രൂപ്പ് അംഗീകരിച്ച ആക്ഷൻ പ്ലാൻ പ്രകാരമുള്ള പ്രവർത്തനങ്ങളാണ് പദ്ധതിയുടെ ഭാഗമായി സംഘടിപ്പിക്കേണ്ടത്.

40 കുട്ടികൾ വീതമുള്ള 3 ബാച്ചുകൾ ആയിരിക്കും (8,9,10 ക്ലാസുകൾ) ഓരോ വിദ്യാഭ്യാസ ജില്ലയിലും ഉള്ളത്. ഓരോ ബാച്ചിനെയും പരിഗണിച്ച് ആക്ഷൻപ്ലാൻ തയ്യാറാക്കേണ്ടതുണ്ട്. എട്ടാം ക്ലാസിലെ കുട്ടികൾക്ക് ഒന്നാം വർഷം നൽകുന്ന പ്രവർത്തനങ്ങളുടെ വളർച്ചയും തുടർച്ചയും ഉറപ്പാക്കുന്ന രീതിയിലായിരിക്കണം

ആക്ഷൻപ്ലാൻ തയ്യാറാക്കേണ്ടത്. ചില ക്ലാസുകൾ എല്ലാ വിദ്യാർഥികൾക്കായും ക്രമീകരിക്കാവുന്നതാണ്. അതോടൊപ്പം തന്നെ വിദ്യാർഥികളുടെ താല്പര്യം പരിഗണിച്ചുകൊണ്ടുള്ള വിഷയഗ്രൂപ്പുകളായി തിരിച്ചും ക്ലാസുകൾ നടത്താവുന്നതാണ്.

## 2.5 മോണിറ്ററിങ്

ഗിഫ്റ്റഡ് ചിൽഡ്രൻ പദ്ധതി മികച്ച രീതിയിൽ നടക്കുന്നു എന്ന് ഉറപ്പാക്കുന്നതിനായി പദ്ധതി നടത്തിപ്പ് എല്ലാ തലങ്ങളിലും മോണിറ്റർ ചെയ്യപ്പെടേണ്ടതുണ്ട്. പദ്ധതി അവലോകനത്തിനായി സംസ്ഥാനതലത്തിൽ കോർഡിനേറ്റർമാരുടെയും ജില്ലാ വിദ്യാഭ്യാസ ഓഫീസർമാരുടെയും അവലോകന യോഗങ്ങൾ നടത്തുന്നതാണ്. .

### 2.5.1 ജില്ലാതല മോണിറ്ററിങ്

വിദ്യാഭ്യാസ ഉപഡയറക്ടറുടെ നേതൃത്വത്തിൽ ജില്ലാതല മോണിറ്ററിങ് ടീം മാസത്തിൽ ഒരു ദിവസമെങ്കിലും റവന്യൂ ജില്ലയിൽ നടക്കുന്ന സർഗശാലകൾ സന്ദർശിക്കേണ്ടതും ആക്ഷൻ പ്ലാൻ പ്രകാരം ജില്ലയിൽ പ്രവർത്തനങ്ങൾ നടക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. കൂടാതെ വിദ്യാഭ്യാസ ജില്ലയിലെ കോർഡിനേറ്റർമാരെ ഉൾപ്പെടുത്തിയുള്ള റിവ്യൂ മീറ്റിങ്ങുകൾ 2 മാസത്തിൽ ഒരു തവണയെങ്കിലും നടത്തേണ്ടതുണ്ട്.

മോണിറ്ററിങ്ങിനായി താഴെപറയുന്ന അംഗങ്ങളെ ചേർത്ത് ജില്ലാ മോണിറ്ററിങ് കമ്മറ്റി രൂപവത്ക്കരിക്കണം

| | | |
|---|---|---|
| വിദ്യാഭ്യാസ ഉപഡയറക്ടർ | - | ചെയർമാൻ |
| ഡയറ്റ് പ്രിൻസിപ്പാൾ | - | അംഗം |
| ജില്ലാ പ്രോജക്ട് കോർഡിനേറ്റർ | - | അംഗം |

സമിതി മാസത്തിൽ ഒരു തവണയെങ്കിലും വിദ്യാഭ്യാസ ജില്ലാതല പ്രവർത്തനങ്ങൾ സന്ദർശിക്കേണ്ടതും വിലയിരുത്തൽ റിപ്പോർട്ട് പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു ലഭ്യമാക്കേണ്ടതുമാണ്.

### 2.5.2 വിദ്യാഭ്യാസ ജില്ലാതല മോണിറ്ററിങ്

ജില്ലാ വിദ്യാഭ്യാസ ഓഫീസർമാരുടെ നേതൃത്വത്തിൽ റിസോഴ്സ് ഗ്രൂപ്പ് അംഗങ്ങൾ വിദ്യാഭ്യാസ ജില്ലയിൽ നടക്കുന്ന സർഗശാലകൾ സന്ദർശിക്കേണ്ടതും ആക്ഷൻ പ്ലാൻ പ്രകാരം പ്രവർത്തനങ്ങൾ നടക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

# 3
# ചുമതലകൾ

ഓരോ കുട്ടിയും വ്യതിരിക്ത വ്യക്തിത്വമാണെന്ന കാഴ്ചപ്പാടുള്ള ഗിഫ്റ്റഡ് ചിൽഡ്രൻ പദ്ധതി അതിന്റെ സമഗ്രതയോടെത്തന്നെ താഴെത്തട്ടിലേക്ക് വിനിമയം ചെയ്യപ്പെടേണ്ടതുണ്ട്. ആസൂത്രിതമായ ചുമതലാ വിഭജനം അതിനെ സാർഥകമാക്കും. വിവിധതലങ്ങളിലെ വിദ്യാഭ്യാസ ഓഫീസർമാർ, കോർഡിനേറ്റർമാർ എന്നിവരാണ് ഈ പദ്ധതി നടത്തിപ്പിൽ ഭാഗമാകുന്നത്. അവരുടെ ചുമതലകൾ താഴെ പറയുന്നു.

## 3.1 വിദ്യാഭ്യാസ ഉപഡയറക്ടർ

1. കാര്യശേഷിയും പ്രവർത്തനമികവുമുള്ള വിദ്യാഭ്യാസ ജില്ലാ കോർഡിനേറ്റർമാരുടെ നിയമനം
2. പൊതുവിദ്യാഭ്യാസ ഡയറക്ടർ അനുവദിച്ചു നൽകുന്ന പ്രവർത്തന ഫണ്ട് വിദ്യാഭ്യാസ ജില്ലാതലങ്ങളിലേക്ക് സമയബന്ധിതമായി വിതരണം ചെയ്യുക
3. ജില്ലാതല പ്രതിഭാസംഗമം സംഘടിപ്പിക്കൽ
4. വിദ്യാഭ്യാസജില്ലയിലെ പ്രവർത്തനങ്ങളുടെ മോണിറ്ററിങ്
5. സമയബന്ധിതമായി പ്രവർത്തനങ്ങൾ പൂർത്തിയാക്കി ധനവിനിയോഗ പത്രം സമർപ്പിക്കൽ

## 3.2 ജില്ലാ വിദ്യാഭ്യാസ ഓഫീസർ

വിദ്യാഭ്യാസ ജില്ലാതലത്തിലാണ് ഗിഫ്റ്റഡ് ചിൽഡ്രൻ പദ്ധതിയുടെ പ്രാഥമിക ഘടകം പ്രവർത്തനമാരംഭിക്കുന്നത്. പദ്ധതിയുടെ കാര്യക്ഷമമായ നടത്തിപ്പിനായി ബന്ധപ്പെട്ട ജില്ലാ വിദ്യാഭ്യാസ ഓഫീസർ താഴെപ്പറയുന്ന ചുമതലകൾ നിർവഹിക്കേണ്ടതാണ്.

1. റിസോഴ്സ് ഗ്രൂപ്പ് രൂപവത്ക്കരണം

2. റിസോഴ്സ് ഗ്രൂപ്പ് യോഗങ്ങളുടെ സംഘാടനം
3. വിദ്യാഭ്യാസ ജില്ലാതല പ്രവർത്തന പദ്ധതി (Action Plan) തയ്യാറാക്കൽ
4. പദ്ധതി നടത്തിപ്പിനുള്ള കേന്ദ്രങ്ങൾ, സർഗശാലകൾ ക്രമീകരിക്കൽ
5. കോർഡിനേറ്റർമാരുടെ സഹായത്തോടെ പ്രവർത്തനങ്ങൾ നടപ്പിലാക്കൽ
6. പദ്ധതിയുടെ ഭാഗമായി നടത്തുന്ന സന്ദർശനങ്ങൾ/ഫീൽഡ് ട്രിപ്പുകൾക്കു അനുമതി നൽകൽ
7. വിദ്യാഭ്യാസ ഉപഡയറക്ടർ വഴി ലഭ്യമാകുന്ന പ്രവർത്തന ഫണ്ടിന്റെ സമയബന്ധിത വിനിയോഗം
8. പദ്ധതിയുടെ എല്ലാ ഘട്ടങ്ങളും ഉൾച്ചേർത്തു കൊണ്ടുള്ള പേപ്പർ/ഡിജിറ്റൽ ഡോക്യുമെന്റേഷൻ കോർഡിനേറ്റർമാരുടെ സഹായത്തോടെ തയ്യാറാക്കൽ
9. ജില്ലാസംസ്ഥാനതലങ്ങളിലേക്ക് നൽകാനായി പദ്ധതി നടത്തിപ്പ് സംബന്ധിച്ച് റിപ്പോർട്ടുകൾ തയ്യാറാക്കൽ
10. പ്രധാന പ്രവർത്തനങ്ങൾ പൊതുമാധ്യമങ്ങളിലൂടെ പ്രചരിപ്പിക്കൽ

## 3.3 റിസോഴ്സ് ഗ്രൂപ്പ്

പദ്ധതിയുടെ കാര്യക്ഷമമായ നടത്തിപ്പിനായി ബന്ധപ്പെട്ട ജില്ലാവിദ്യാഭ്യാസ ഓഫീസറുടെ അധ്യക്ഷതയിൽ രൂപീകരിച്ചിട്ടുള്ള റിസോഴ്സ് ഗ്രൂപ്പ് താഴെപ്പറയുന്ന ചുമതലകൾ നിർവഹിക്കേണ്ടതാണ്.

- വിദ്യാഭ്യാസജില്ലാതല പ്രവർത്തന പദ്ധതിക്ക് (Action Plan) അംഗീകാരം നൽകൽ
- വിദ്യാഭ്യാസജില്ലകളിലെ പ്രവർത്തനങ്ങൾക്ക് ആവശ്യമായ പിന്തുണ ഉറപ്പാക്കൽ
- വിദ്യാഭ്യാസജില്ലാതല പ്രവർത്തനങ്ങളുടെ വിലയിരുത്തൽ
- ഏകദിന സർഗശാലയിലേക്കാവശ്യമായ റിസോഴ്സ് പേഴ്സണെ കണ്ടെത്തൽ

## 3.4 ഡയറ്റ് ഫാക്കൽറ്റി

- വിവിധ മേഖലകളിലായി നടത്തേണ്ട പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് ആക്ഷൻ പ്ലാൻ തയ്യാറാക്കുന്നതിനായി ജില്ലാവിദ്യാഭ്യാസ ഓഫീസർമാർക്കു അക്കാദമിക പിന്തുണ നൽകൽ
- ജില്ലാവിദ്യാഭ്യാസ ഓഫീസറുടെ നിർദ്ദേശാനുസരണം റിസോഴ്സ് ഗ്രൂപ്പ് യോഗങ്ങളുടെ സംഘാടനം
- റിസോഴ്സ് ഗ്രൂപ്പ് യോഗങ്ങളുടെ മിനിട്സ് തയ്യാറാക്കൽ
- വിലയിരുത്തൽ നടത്തുന്നതിനായി കോർഡിനേറ്റർക്കു പിന്തുണ നൽകൽ

## 3.5 കോർഡിനേറ്റർ

കോർഡിനേറ്റർമാർ തിരഞ്ഞെടുക്കപ്പെട്ട പ്രതിഭകളുടെ മെന്റർമാരായി പ്രവർത്തിക്കേണ്ടതാണ്. മെന്റർ എന്ന നിലയിൽ ഓരോ കുട്ടിയുടെയും നിലവിലുള്ള അഭിരുചി തിരിച്ചറിഞ്ഞ് ആ മേഖലയിൽ വളരാനുള്ള സാഹചര്യമാണ് ഒരുക്കേണ്ടത്. കുട്ടിയുടെ മുന്നേറ്റത്തിന്റെ പാതയുടെ ഓരോ ഘട്ടവും (പ്രസക്തമായത്) തന്റെ ഡയറിയിൽ രേഖപ്പെടുത്തണം. കുട്ടിയുടെ പ്രവർത്തന പുരോഗതി അവലോകനം ചെയ്യുന്നതിനും കുട്ടിയുടെ നില ബോധ്യപ്പെടുത്തുന്നതിനും ഇത് ഉപയോഗപ്പെടുത്തണം.

- വിദ്യാഭ്യാസജില്ലാതല പ്രവർത്തന പദ്ധതി പ്രകാരം ഏകദിന സർഗശാലകൾ സംഘടിപ്പിക്കുക
- ഏകദിന സർഗശാലകളിലേക്ക് ആവശ്യമായ റിസോഴ്സ് പേഴ്സണെ ക്ഷണിയ്ക്കൽ
- ഓരോ മാസവും നടത്തിയ പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള റിപ്പോർട്ട് തയ്യാറാക്കൽ
- ഓരോ കുട്ടിയുടെയും പ്രൊഫൈൽ (അനുബന്ധം-1) തയ്യാറാക്കുക. അനുബന്ധമായി ചേർത്തിട്ടുള്ള ഫോർമാറ്റ് ഇതിനായി ഉപയോഗപ്പെടുത്താം. ഓരോ കുട്ടിയുടെയും വളർച്ച കൂടി രേഖപ്പെടുത്തുന്ന സൂചികയായി ഇത് മാറണം.
- കുട്ടികളുടെ താല്പര്യം, അഭിരുചി എന്നിവ ക്ലാസ് കൈകാര്യം ചെയ്യുന്ന വിദഗ്ധരെ മുൻകൂട്ടി ബോധ്യപ്പെടുത്തുക അതിനനുസൃതമായി വിഷയങ്ങളുടെ അവതരണം, സർഗശാലകളിൽ നടത്തുന്നതിനുവേണ്ട ഇടപെടലുകൾ എന്നിവ നടത്തുക
- പങ്കാളികളായ വിദ്യാർഥികളുമായി നിരന്തരം ആശയവിനിമയത്തിലൂടെ പ്രവർത്തന പുരോഗതി വിലയിരുത്തുക
- പ്രവർത്തനങ്ങളുടെ ഡോക്യുമെന്റേഷൻ തയ്യാറാക്കുക. ഓരോ മാസവും ചേരുന്ന റിസോഴ്സ് ഗ്രൂപ്പ് യോഗത്തിൽ അവതരിപ്പിക്കുക
- ഓരോ കുട്ടിയുടെയും പ്രവർത്തന ഡയറി ഓരോ മാസവും വിലയിരുത്തുക
- ഓരോ മാസവും സർഗശാലയ്ക്ക് ശേഷം കുട്ടികളിൽ നിന്ന് ഫീഡ്ബാക്ക് (അനുബന്ധം-2) ശേഖരിച്ച് സൂക്ഷിക്കുക.

## 3.6 സൂക്ഷിക്കേണ്ട രേഖകൾ

### 3.6.1 കോർഡിനേറ്റർ

o കുട്ടികളുടെ ലിസ്റ്റ്

o കുട്ടികളുടെ പ്രൊഫൈൽ

- കുട്ടികളുടെ ഹാജർ - പകർപ്പ്
- കോർഡിനേറ്ററുടെ ഡയറി
- റിസോഴ്സ് ഗ്രൂപ്പ് അംഗീകരിച്ച പ്രവർത്തന പദ്ധതിയുടെ പകർപ്പ്
- കുട്ടികളുടെ മികവുകളുടെ ശേഖരണം

### 3.6.2 ജില്ലാവിദ്യാഭ്യാസ ഓഫീസർ

- കുട്ടികളുടെ ലിസ്റ്റ്
- ഹാജർ
- റിസോഴ്സ് ഗ്രൂപ്പ് അംഗീകരിച്ച ആക്ഷൻ പ്ലാൻ
- നടത്തിയ ക്ലാസുകളുടെ റിപ്പോർട്ട്
- മോണിറ്ററിങ് റിപ്പോർട്ട്
- റിസോഴ്സ് ഗ്രൂപ്പ് യോഗത്തിന്റെ മിനിറ്റ്സ്
- ഫണ്ട് വിനിയോഗം സംബന്ധിച്ച രേഖകൾ

# 4
# പഠനരീതികളും പഠനതന്ത്രങ്ങളും

അനുനിമിഷം വളർന്നുകൊണ്ടിരിക്കുന്ന ശാസ്ത്രസാങ്കേതികവിദ്യകളുടെ കാലത്തിലൂടെയാണ് ലോകം കടന്നുപോയ്ക്കൊണ്ടിരിക്കുന്നത്. ജ്ഞാനനിർമ്മിതിയിലധിഷ്ഠിതമായ ലോകക്രമം സംജാതമായിക്കൊണ്ടിരിക്കുന്നു. പുതിയ കാലത്തോട് പൊരുത്തപ്പെടാനും വെല്ലുവിളികളെ നേരിടാനും അതിജീവിക്കാനുമുള്ള നൈപുണിയും ശേഷിയും പഠിതാക്കൾക്കുണ്ടാവണം. പ്രതിഭാധനരായ കുട്ടികൾ പുതിയ അറിവുകൾ നിർമ്മിച്ചെടുക്കാൻ കഴിവുള്ളവരാണ്.അവർക്കാവശ്യമായ സാഹചര്യങ്ങളും സംവിധാനങ്ങളും ലഭ്യമാക്കേണ്ടതുണ്ട്.അതിനായുള്ള വൈജ്ഞാനിക അന്തരീക്ഷം രൂപപ്പെടുത്തിയെടുക്കുന്നതിൽ രാജ്യത്തിന്റെ വിദ്യാഭ്യാസ വ്യവസ്ഥയ്ക്ക് വലുതായ പങ്കുണ്ട്. ഓരോ കുട്ടിയുടെയും മാനസിക വൈജ്ഞാനികതലം മനസ്സിലാക്കി വേണം പഠനതന്ത്രങ്ങളും രീതികളും സ്വീകരിക്കേണ്ടത്. വൈവിധ്യമാർന്ന പഠനാനുഭവങ്ങൾ കുട്ടികൾക്ക് ലഭിക്കുന്നതിനായി വിവിധ വിഷയമേഖലകൾ കേന്ദ്രീകരിച്ച് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യണം.വിഷയമേഖലകൾ ചുവടെ ചേർക്കുന്നു.

## 4.1 വിഷയമേഖലകൾ

- അടിസ്ഥാനശാസ്ത്രവും സാങ്കേതികവിദ്യയും
- പരിസ്ഥിതിശാസ്ത്രം
- സാമൂഹ്യശാസ്ത്രം
- ഭൂഗർഭശാസ്ത്രവും അനുബന്ധശാസ്ത്രവിഷയങ്ങളും
- ഗണിതശാസ്ത്രം
- കലയും സംസ്കാരവും
- ഭാഷയും സാഹിത്യവും ആശയവിനിമയശേഷിയും
- ജീവിതനൈപുണി വികാസം

എല്ലാ മേഖലയിലെയും പ്രവർത്തനങ്ങൾ ഉൾപ്പെടുന്ന വിധത്തിൽ പ്രവർത്തനപദ്ധതി തയ്യാറാക്കേണ്ടതാണ്.

താഴെ ചേർത്തിരിക്കുന്ന പഠനരീതികളും തന്ത്രങ്ങളുംപ്രയോജനപ്പെടുത്താം.

## 4.2 പഠനതന്ത്രങ്ങൾ

### 4.2.1 വിദഗ്ധരുടെ ക്ലാസുകൾ

- ✓ ക്ലാസുകൾക്ക് മുന്നോടിയായി വിഷയങ്ങളും വിഷയവിദഗ്ധരുടെ പ്രൊഫൈലും കുട്ടികൾക്ക് നൽകുകയും വിഷയമേഖലയുമായി ബന്ധപ്പെട്ട് അന്വേഷണം നടത്തി സംശയങ്ങൾ ഉണ്ടെങ്കിൽ അത് എഴുതിക്കൊണ്ടുവരാനുള്ള നിർദ്ദേശം നൽകുകയും ചെയ്യുന്നത് അഭികാമ്യമാണ്.
- ✓ ഓരോ ക്ലാസിനുശേഷവും വിഷയവിദഗ്ധർ അവർ പഠനം നടത്തിയ സ്ഥാപനങ്ങൾ, ഗവേഷണവിഷയം എന്നിവയും ക്ലാസിൽ ചർച്ച ചെയ്ത വിഷയവുമായി ബന്ധപ്പെട്ട ഉന്നത പഠനസാധ്യതകൾ, സ്ഥാപനങ്ങൾ, കോഴ്സുകൾ, ജോലിസാധ്യതകൾ, ഗവേഷണ സാധ്യതകൾ എന്നിവയും പരിചയപ്പെടുത്തേണ്ടതാണ്.

### 4.2.2 സ്ഥാപന സന്ദർശനം

സമീപപ്രദേശങ്ങളിലെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ/കോളേജുകൾ, ഗവേഷണ സ്ഥാപനങ്ങൾ, ലബോറട്ടറികൾ, സർക്കാർ/ പൊതുമേഖലാസ്ഥാപനങ്ങൾ തുടങ്ങിയ വ്യത്യസ്തങ്ങളായ സ്ഥാപനങ്ങൾ സന്ദർശിച്ച് അവിടങ്ങളിൽ സർഗശാലകൾ സജ്ജീകരിക്കാവുന്നതാണ്.

### 4.2.3 ഫീൽഡ് ട്രിപ്പ്

സ്ഥാപനം/ പ്രദേശം/ വ്യക്തികൾ എന്നിവയിൽനിന്ന് പഠിതാക്കൾക്ക് നേരിട്ട് വിവരങ്ങൾ ലഭ്യമാക്കുന്ന പഠനപ്രവർത്തനമാണ് ഫീൽഡ് ട്രിപ്പ്. ക്ലാസ്മുറിയിലെ അനുഭവങ്ങൾ ശക്തിപ്പെടുത്താൻ ഫീൽഡ്ട്രിപ്പുകൾ സഹായിക്കുന്നു. വ്യക്തിപരവും സാമൂഹികവുമായ നൈപുണികളുടെയും ശേഷികളുടെയും വികസനത്തിന് ഇത് പ്രയോജനപ്പെടും.

## പ്രക്രിയ

വിജയകരമായ ഒരു ഫീൽഡ് ട്രിപ്പിന് പരിഗണിക്കേണ്ട മൂന്ന് കാര്യങ്ങളുണ്ട്.

I. യാത്രയുടെ ആസൂത്രണം

II. യാത്രയുടെ സംഘാടനം

III. അനുഭവങ്ങൾ പങ്കുവയ്ക്കൽ

### I. യാത്രയുടെ ആസൂത്രണം

- വിദ്യാർഥികളുമായി ഒരു ചർച്ചായോഗം നടത്തുകയും ഫീൽഡ് ട്രിപ്പിന്റെ ലക്ഷ്യങ്ങൾ പങ്കിടുകയും ചെയ്യുക
- ഫീൽഡ് ട്രിപ്പിന്റെ ഒരു രൂപരേഖ കുട്ടികൾ തയ്യാറാക്കുക
- സന്ദർശിക്കേണ്ട സ്ഥലങ്ങളോ സ്ഥാപനങ്ങളോ തിരിച്ചറിയുകയും കുട്ടികൾ അതിന്റെ വിശദാംശങ്ങൾ ശേഖരിക്കുകയും ചെയ്യുക.
- സന്ദർശന തീയതികൾ നിശ്ചയിക്കുകയും സന്ദർശന സ്ഥലവുമായി ബന്ധപ്പെട്ട് അധികാരികളിൽനിന്നുള്ള അനുമതി കത്തുകൾ ഉറപ്പാക്കുകയും ചെയ്യുക
- ഗ്രൂപ്പ് ലീഡർമാരെ തിരഞ്ഞെടുക്കുകയും ചുമതലകൾ വിഭജിച്ചുനൽകുകയും ചെയ്യുക.

### II. യാത്രയുടെ സംഘാടനം

- വാഹനം, ഭക്ഷണം, റൂട്ട് മാപ്പ്, പ്രഥമശുശ്രൂഷ കിറ്റ് എന്നിവയുടെ ക്രമീകരണം.
- യാത്രയിൽ കരുതേണ്ട സാമഗ്രികളെ കുറിച്ച് കുട്ടികളെ ഓർമ്മിപ്പിക്കൽ (ഡയറി, വിവരശേഖരണത്തിന് തയ്യാറാക്കിയ ചോദ്യാവലി)

### III. യാത്രാനുഭവങ്ങൾ പങ്കുവയ്ക്കൽ

- ശേഖരിച്ച വിവരങ്ങളുമായി ബന്ധപ്പെട്ടുള്ള അവതരണം സർഗാത്മകമായി തയ്യാറാക്കൽ (ഫോട്ടോ, വീഡിയോ, റീൽസുകൾ, യാത്രാവിവരണം)
- അവതരണത്തിലെ കണ്ടെത്തലുകൾ/ വിശദാംശങ്ങൾ വിദ്യാർഥികൾക്കിടയിൽ ചർച്ച ചെയ്യൽ
- റിപ്പോർട്ട് ഏകീകരിക്കൽ

## മാർഗനിർദ്ദേശങ്ങൾ

ഒരുവർഷം 4 ഫീൽഡ് ട്രിപ്പുകളെങ്കിലും സംഘടിപ്പിക്കണം. സാമൂഹ്യശാസ്ത്രം, ശാസ്ത്രവും സാങ്കേതികവിദ്യയും, പരിസ്ഥിതിശാസ്ത്രം, ഗണിതം, കലയും സംസ്കാരവും, ഭാഷയും സാഹിത്യവും തുടങ്ങിയ വിവിധ മേഖലകളുമായി ബന്ധപ്പെട്ട സ്ഥലങ്ങളിൽ സന്ദർശനം നടത്താൻ ശ്രദ്ധ കേന്ദ്രീകരിക്കണം.

### 4.2.4 അഭിമുഖം

- അഭിമുഖത്തിന്റെ വിഷയവുമായി ബന്ധപ്പെട്ട സാധ്യമായ ചോദ്യാവലികൾ കുട്ടികൾ തയ്യാറാക്കണം. കോർഡിനേറ്ററുടെ നേതൃത്വത്തിൽ ചോദ്യങ്ങൾ കൃത്യതപ്പെടുത്തണം.

- അഭിമുഖത്തിനുശേഷം കുട്ടികളുടെ ചർച്ചയും പ്രതികരണങ്ങളും രേഖപ്പെടുത്തേണ്ടതാണ്.

### 4.2.5 സംവാദം

- കുട്ടികൾക്ക് വസ്തുതകൾ വിശകലനം ചെയ്യാനും വിലയിരുത്താനും പുതിയ ആശയങ്ങൾ രൂപപ്പെടുത്താനും സഹായിക്കുന്ന രീതിയിലായിരിക്കണം സംവാദം.
- ആശയവിനിയമശേഷി വർദ്ധിപ്പിക്കുന്നതിന് ഉതകണം. മറ്റുള്ളവരുടെ ആശയങ്ങളെ ബഹുമാനിക്കുന്നതിനും തന്റെ ആശയങ്ങളെ യുക്തിപരമായി സമർഥിക്കാനും കാതലായ അഭിപ്രായങ്ങളെ സ്വീകരിക്കുന്നതിനുമുള്ള ശേഷി കൈവരിക്കണം.

### 4.2.6 സെമിനാറുകൾ

- സെമിനാർ അവതരണത്തിനുള്ള വിഷയങ്ങൾ തിരഞ്ഞെടുക്കണം.
- ഒറ്റയ്ക്കോ സംഘമായോ സെമിനാർ അവതരണങ്ങൾ നടത്താം.
- സംഘ അവതരണങ്ങളിൽ വിഷയത്തിന്റെ ഉപവിഷയങ്ങൾ തീരുമാനിച്ച് നൽകണം.
- സെമിനാർ അവതരണത്തിനുശേഷം ചർച്ചകൾ നടക്കണം.
- സെമിനാർ അവതരണങ്ങളുടെ സംക്ഷിപ്ത ആശയരൂപം കുട്ടികൾ ഡയറിയിൽ രേഖപ്പെടുത്തണം.

### 4.2.7 പ്രോജക്ടുകൾ

പ്രശ്നപരിഹരണത്തിനുള്ള ഒരു പഠനതന്ത്രമാണ് പ്രോജക്ട്. ക്ലാസ്റൂം സാഹചര്യത്തിലോ സാമൂഹിക പരിസ്ഥിതിയിലോ അനുഭവപ്പെടുന്ന ഒരു പ്രശ്നത്തിന് ശാസ്ത്രീയരീതിയിൽ പരിഹാരം കണ്ടെത്തുന്നതിനുള്ള പ്രവർത്തന പദ്ധതിയാണിത്. നിരീക്ഷണം, ദത്തശേഖരണം, വിശകലനം, അപഗ്രഥനം, പ്രശ്നപരിഹരണം, നിഗമനങ്ങൾ രൂപീകരിക്കൽ, കണ്ടെത്തലുകളും നിർദ്ദേശങ്ങളും അവതരിപ്പിക്കൽ തുടങ്ങിയ വിവിധ പ്രക്രിയാശേഷികൾ വികസിപ്പിക്കുന്നതിൽ പ്രോജക്ടുകൾ ഒരു പ്രധാന പങ്ക് വഹിക്കുന്നു.

വിദ്യാഭ്യാസ പ്രോജക്ടുകൾ വിദ്യാർഥികളുടെ വിമർശനാത്മകചിന്തയും യുക്തിബോധവും വികസിപ്പിക്കുന്നതിന് സഹായിക്കുന്നു.അറിവിന്റെ പുതിയ തലങ്ങളിലേക്ക് എത്തിപ്പെടാൻ ഈ അന്വേഷണങ്ങൾ പ്രചോദനമാകുന്നു. ഗ്രൂപ്പുകളിലെ സഹകരണത്തിലോ സ്വതന്ത്രമായോ എങ്ങനെ പ്രവർത്തിക്കാമെന്ന് വിദ്യാർഥികൾ പഠിക്കുന്നു.

## ലക്ഷ്യങ്ങൾ:

1. വിദ്യാർഥികൾക്കിടയിൽ അന്വേഷണാധിഷ്ഠിത പഠനം പരിചയപ്പെടുത്തുക
2. ഇന്ദ്രിയാനുഭവത്തോടെ ശാസ്ത്രീയരീതിയുടെ പഠനാനുഭവങ്ങൾ നൽകുക.
3. വിമർശനാത്മക നിരീക്ഷണം, ഡാറ്റ ശേഖരണം, വിശകലനം, പരികല്പന പരിശോധന തുടങ്ങിയ ഗവേഷണ കഴിവുകൾ വികസിപ്പിക്കുക.
4. റിപ്പോർട്ട് എഴുത്ത്, അവതരണം, ചർച്ചകൾ എന്നിവയിൽ സ്വന്തം അനുഭവങ്ങൾ ഉൾച്ചേർക്കുക.
5. പ്രായോഗിക പഠനത്തിലൂടെ വിമർശനാത്മകചിന്തയും വിശകലന വൈദഗ്ദ്ധ്യവും വളർത്തിയെടുക്കുക.
6. തിരഞ്ഞെടുത്ത മേഖലകളെക്കുറിച്ചുള്ള അറിവും ധാരണകളും വികസിപ്പിക്കുക.
7. ഒറ്റയ്ക്കും കൂട്ടായും പ്രശ്നപരിഹരണത്തിനുതകുന്ന പ്രവർത്തനപദ്ധതികൾ രൂപപ്പെടുത്തുന്നതിനും അവ പ്രയോഗവത്ക്കരിക്കുന്നതിനും കഴിവുനേടുക.

ഓരോ വിദ്യാഭ്യാസജില്ലയും വിവിധ മേഖലകളിലെ പ്രതിഭാധനരായ വിദ്യാർഥികൾക്കായി വിദ്യാഭ്യാസ പ്രോജക്ട് വർക്ഷോപ്പുകൾ സംഘടിപ്പിക്കണം. പ്രോജക്ടുകളിൽ ഇനിപ്പറയുന്ന പ്രധാന മേഖലകൾ ഉൾക്കൊള്ളിക്കണം.

- അടിസ്ഥാനശാസ്ത്രവും സാങ്കേതികവിദ്യയും
- പരിസ്ഥിതിശാസ്ത്രം
- സാമൂഹ്യശാസ്ത്രം
- ഭൂഗർഭശാസ്ത്രവും അനുബന്ധശാസ്ത്രവിഷയങ്ങളും
- ഗണിതശാസ്ത്രം
- കലയും സംസ്കാരവും
- ഭാഷയും സാഹിത്യവും ആശയവിനിമയശേഷിയും
- ജീവിതനൈപുണി വികാസം

മുകളിൽ പറഞ്ഞ മേഖലകളിൽ ഓരോ വിദ്യാർഥിയും കുറഞ്ഞത് ഒരു വ്യക്തിഗതപ്രോജക്ടും ഒരു ഗ്രൂപ്പ് പ്രോജക്ടും ഏറ്റെടുക്കേണ്ടതാണ്.

## പ്രോജക്ടിന്റെ കാലാവധി

ഓഗസ്റ്റ് മാസത്തിൽ പ്രോജക്ട് പ്രവർത്തനങ്ങൾ ആരംഭിക്കേണ്ടതുണ്ട്. ആയതിനായി ജൂലായ് മാസത്തിൽ പ്രോജക്ടുമായി ബന്ധപ്പെട്ട സർഗശാലകൾ സംഘടിപ്പിക്കണം. പ്രോജക്ട് പ്രവർത്തന കാലയളവിൽ വിദ്യാർഥികൾക്കായി ഇടക്കാല വിലയിരുത്ത

ലുകളും പിന്തുണയും ഉറപ്പാക്കണം. ഒരു ആഴ്ചയിൽ കുറയാതെ ദൈർഘ്യമുള്ള ഹ്രസ്വകാല പ്രോജക്ടുകളും മൂന്ന് മാസത്തിൽ കൂടാത്ത ദീർഘകാല പ്രോജക്ടുകളും വിദ്യാർഥികൾക്കിടയിൽ പ്രോത്സാഹിപ്പിക്കാവുന്നതാണ്. ഒക്ടോബർ മാസാവസാന ത്തോടെ പ്രോജക്ട് പ്രവർത്തനങ്ങൾ പൂർത്തിയാക്കുകയും നവംബർ മാസത്തിൽ വിദ്യാഭ്യാസ ജില്ലാതല പ്രോജക്ട് അവതരണങ്ങൾ നടത്തുകയും വേണം.

വ്യക്തിഗതമായി പ്രശ്നങ്ങൾ കണ്ടെത്തുന്നതിനും ശാസ്ത്രീയരീതികളിലൂടെയും ഘട്ടങ്ങളിലൂടെയും കടന്നുപോയി അവ പരിഹരിക്കുന്നതിനും ആവശ്യമായ ആധികാ രികമായ നിർദ്ദേശങ്ങളും കൈത്താങ്ങും ഓരോ കുട്ടിക്കും ഉറപ്പുവരുത്തേണ്ടതാണ്.

## പ്രോജക്ട് അവതരണം

റവന്യൂജില്ലാതല പ്രതിഭാസംഗമത്തിൽ പ്രോജക്ട് അവതരണങ്ങൾ നടത്തേണ്ടതാ ണ്. റവന്യൂജില്ലാതല പ്രതിഭാസംഗമത്തിന് മുമ്പ് വിദ്യാഭ്യാസ ജില്ലാതലത്തിൽ ഏറ്റവും മികച്ച മൂന്ന് പ്രോജക്ടുകൾ തെരഞ്ഞെടുക്കണം.

### 4.2.8 റഫറൻസിങ്

അധിക വായന പ്രവർത്തനങ്ങൾക്കായി ഗ്രന്ഥശാലകൾ, വെബ്സൈറ്റുകൾ, ജേർ ണലുകൾ എന്നീ സാധ്യതകൾ എങ്ങനെ ഉപയോഗിക്കണമെന്ന് കുട്ടികളെ പരി ചയപ്പെടുത്തണം.

### പ്രതിഭാസംഗമം

ഗിഫ്റ്റഡ് ചിൽഡ്രൻ പദ്ധതിയുടെ ഭാഗമായി ജില്ലാതലത്തിലും സംസ്ഥാന തലത്തിലും പ്രതിഭാസംഗമം സംഘടിപ്പിക്കേണ്ടതാണ്. ജില്ലാതലങ്ങളിൽ നിന്നും തിരഞ്ഞെടുക്കപ്പെടുന്ന കുട്ടികളാണ് സംസ്ഥാനതല പ്രതിഭാസംഗ മത്തിലെ പങ്കാളികൾ. അറിവ് അനുഭവമാക്കുന്ന സർഗശാലാരീതിയിലാണ് പ്രതിഭാസംഗമം സംഘടിപ്പിക്കുക. .

# 5
# വിലയിരുത്തൽ ഘടകങ്ങൾ

ഓരോ കുട്ടിയുടെയും പ്രതിഭ വ്യത്യസ്തമായതിനാൽ കുട്ടിയെ കൃത്യമായി അടയാളപ്പെടുത്താൻ വ്യതിരിക്തമായ വിലയിരുത്തൽ രീതികൾ അനിവാര്യമാണ്. പ്രാഥമിക വിലയിരുത്തൽ രീതികൾ അനിവാര്യമാണ്. കുട്ടികളുടെ പ്രതിഭ വ്യത്യസ്തമായതിനാൽ ഓരോ കുട്ടിയെയും കൃത്യമായി അടയാളപ്പെടുത്താൻ വിലയിരുത്തൽരീതികൾ അവലംബിക്കേണ്ടതാണ്. ക്ലാസുകളുടെ പ്രാരംഭഘട്ടത്തിൽ തന്നെ വിദ്യാർഥികളുടെ പഠനനിലയും വൈദഗ്ധ്യവും സൂക്ഷ്മമായ വിലയിരുത്തലിന് വിധേയമാക്കണം. പദ്ധതി പൂർത്തിയാകുമ്പോൾ കുട്ടികൾക്കുണ്ടായ മാറ്റങ്ങൾ കൃത്യതപ്പെടുത്താൻ ഈ വിലയിരുത്തൽ സഹായിക്കും.

### 5.1 പ്രാഥമിക വിലയിരുത്തൽ

ക്ലാസുകളുടെ പ്രാരംഭഘട്ടത്തിൽത്തന്നെ വിദ്യാർഥികളുടെ പഠനനിലവാരവും വൈദഗ്ധ്യവും വിവിധ ഉപാധികളുപയോഗിച്ച് സൂക്ഷ്മമായ വിലയിരുത്തലിനു വിധേയമാക്കണം. പദ്ധതി പൂർത്തിയാകുമ്പോൾ കുട്ടികൾക്കുണ്ടായ മാറ്റങ്ങൾ കൃത്യതപ്പെടുത്താൻ ഈ വിലയിരുത്തൽ സഹായിക്കും.

### 5.2 പ്രവർത്തനങ്ങളിലെ പങ്കാളിത്തം വിലയിരുത്തൽ

വിദ്യാർഥികൾ പങ്കാളികളാകുന്ന എല്ലാ പ്രവർത്തനങ്ങളും വിലയിരുത്തലിനു വിധേയമാക്കേണ്ടതാണ്. ഇതിനായി അവലംബിക്കാവുന്ന പ്രസക്തമായ രീതികൾ താഴെ രേഖപ്പെടുത്തുന്നു.

- പ്രതികരണങ്ങൾ, പെരുമാറ്റ രീതികൾ എന്നിവയുടെ നിരീക്ഷണവും വിശകലനവും
- കുട്ടികളുമായുള്ള സ്വതന്ത്രമായ അഭിമുഖഭാഷണം

- കുശലാന്വേഷണങ്ങൾ, ഫോൺ സംഭാഷണങ്ങൾ എന്നിങ്ങനെയുള്ള ആശയ വിനിമയം
- രക്ഷിതാക്കളുമായുള്ള അഭിമുഖം
- സഹകരണാത്മക പഠനത്തിലെ ക്രിയാത്മക പങ്കാളിത്തം
- ക്ലാസുകൾ നയിക്കുന്ന റിസോഴ്സ് ഗ്രൂപ്പ് അംഗങ്ങളുമായുള്ള ആശയവിനിമയം
- സഹപാഠികളുമായുള്ള ആശയവിനിമയം
- കുട്ടി പഠിക്കുന്ന സ്കൂൾ അധ്യാപകരുമായുള്ള ആശയവിനിമയം
- കുട്ടികളുടെ അവതരണങ്ങൾ (റിപ്പോർട്ടുകൾ, സെമിനാറുകൾ)
- കലാ-കായിക പ്രകടനങ്ങൾ

ഓരോ ഘട്ടത്തിലും കോർഡിനേറ്റർമാർ വിലയിരുത്തലിനായി തിരഞ്ഞെടുക്കുന്ന കുട്ടികളുടെ സവിശേഷതകൾ, കണ്ടെത്തലുകൾ എന്നിവ ചെറിയ കുറിപ്പുകളായി പ്രത്യേക പേജുകളിൽ രേഖപ്പെടുത്തേണ്ടതാണ്.

## 5.3 വിലയിരുത്തൽ രീതികൾ

വിദ്യാർഥികളുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി അനുയോജ്യമായ മാർഗങ്ങളും ഉപാധികളും സ്വീകരിക്കാവുന്നതാണ്. വൈവിധ്യമുള്ള ഉപാധികൾ ഇതിനായി ഉപയോഗപ്പെടുത്താം.

- ചോദ്യാവലികൾ
- ചെക്ക് ലിസ്റ്റുകൾ
- അഭിമുഖ ചോദ്യാവലി
- നിരീക്ഷണ പത്രിക
- രക്ഷിതാക്കളുമായുള്ള അഭിമുഖ ചോദ്യാവലി
- രക്ഷിതാക്കളുടെ പ്രതികരണക്കുറിപ്പുകൾ
- അഭിപ്രായ സർവ്വേ
- രേഖകളുടെയും ഉൽപ്പന്നങ്ങളുടെയും വിശകലനം

ലഭ്യമാകുന്ന വിവരങ്ങൾ ഓരോ കുട്ടിക്കുമായി നേരത്തെ തയ്യാറാക്കിയ പേജുകളിൽ/ഡിജിറ്റൽ പേജുകളിൽ രേഖപ്പെടുത്താം. വിവിധ വിഷയങ്ങളെ കേന്ദ്രീകരിച്ചാണ് ക്ലാസുകൾ എന്നതിനാൽ ഓരോ ക്ലാസ് കഴിയുമ്പോഴും വിഷയബന്ധിതമായ നിരീക്ഷണങ്ങൾ രേഖപ്പെടുത്തുന്നതാണ് ഉചിതം. ആദ്യത്തെ 10 ക്ലാസുകൾ പൂർത്തിയാകുമ്പോൾ എല്ലാ കുട്ടികളുടെയും ആദ്യഘട്ട വിലയിരുത്തൽ പൂർത്തി

യാക്കാൻ കഴിയണം. ഒരു വർഷം പിന്നിടുമ്പോൾ കുട്ടികൾ ഓരോ മേഖലയിലും കൈവരിച്ച നേട്ടങ്ങളെ ഇങ്ങനെ സമാഹരിക്കാൻ കഴിയും.

കുട്ടികൾക്ക് ആർജ്ജിക്കാൻ കഴിഞ്ഞ ശേഷികൾ, പദ്ധതിയുടെ പ്രതിഫലന ങ്ങൾ, വിവിധ ക്ലാസുകളുടെ/ വിഷയങ്ങളുടെ മികവുകൾ, വിദഗ്ധരായ അധ്യാപകർ കുട്ടികളിൽ ചെലുത്തിയ സ്വാധീനം എന്നിവ തിരിച്ചറിഞ്ഞ് പ്രത്യേകം രേഖപ്പെടുത്താവുന്നതാണ്. കുട്ടികളുടെ അഭിരുചി മേഖലകൾ, പ്രാഗല്ഭ്യം എന്നിവ അടയാളപ്പെടുത്താനും ശ്രദ്ധിക്കണം. അനുയോജ്യമായ തുടർപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാനും ഈ രീതി സഹായിക്കും. മികവുകൾ രക്ഷിതാക്കളുമായും വിദ്യാഭ്യാസ വകുപ്പുമായും പങ്കുവയ്ക്കാൻ സഹായകമായ വിധത്തിൽ വിലയിരുത്തൽ ക്രോഡീകരിക്കേണ്ടതാണ്. പദ്ധതിയുടെ പ്രഖ്യാപിതലക്ഷ്യം വിദ്യാർഥികളുടെ സമഗ്ര വികസനമായതിനാൽ ലക്ഷ്യപ്രാപ്തി കൃത്യമായി പ്രഖ്യാപിക്കാനും വിശദമായ റിപ്പോർട്ടുകൾ തയ്യാറാക്കാനും ഈ വിലയിരുത്തൽ കുറിപ്പുകൾ ഏറെ സഹായകരമായിരിക്കും.

## 5.4 പോർട്ട് ഫോളിയോ

പ്രതിഭാധനരായ വിദ്യാർഥികളുടെ അഭിമാനരേഖയായി പോർട്ട് ഫോളിയോ മാറണം. ആകർഷകമായരീതിയിൽ തീയതിയും സമയവും വിഷയങ്ങളും രേഖപ്പെടുത്തിയുള്ള വിന്യാസരീതി അനുവർത്തിക്കുവാൻ വിദ്യാർഥികൾക്ക് നിർദ്ദേശം നൽകണം. നൂതനമാതൃകകൾ അവലംബിച്ചുള്ള ഡിജിറ്റൽ ഡോക്യുമെന്റേഷൻ രീതിയിലും പോർട്ട് ഫോളിയോ തയ്യാറാക്കാവുന്നതാണ്. താഴെ ചേർത്തിരിക്കുന്നവ പോർട്ട് ഫോളിയോയുടെ ഭാഗമായി ഉൾപ്പെടുത്താവുന്നതാണ്.

- കൃത്യമായി രേഖപ്പെടുത്തിയ നോട്ടുബുക്കുകൾ
- ഓൺലൈൻ ഡിജിറ്റൽ ഡോക്യുമെന്റേഷനുകൾ
- കുട്ടികളുടെ ബ്ലോഗുകൾ/ വെബ്സൈറ്റുകൾ
- കുട്ടികൾ എഴുതി തയ്യാറാക്കിയ അസൈൻമെന്റുകൾ
- ജേണൽ കുറിപ്പുകൾ, റിപ്പോർട്ടുകൾ
- കുട്ടിക്ക് ലഭിച്ച അവാർഡുകൾ, അംഗീകാരങ്ങൾ
- ശേഖരങ്ങൾ, ചിത്രങ്ങൾ മുതലായവ
- സ്വതന്ത്രമായ കണ്ടെത്തലുകൾ, ആവിഷ്കരിച്ച നൂതനാശയങ്ങൾ
- രൂപപ്പെടുത്തിയ വിശിഷ്ട മാതൃകകൾ

പോർട്ട് ഫോളിയോ ഓരോ ടേമിലും ഒരു തവണയെങ്കിലും വിലയിരുത്തേണ്ടതാണ്. കുട്ടിയുടെ പ്രവർത്തന പങ്കാളിത്തത്തെക്കുറിച്ച് തിരിച്ചറിയുന്നതിനും മെച്ചപ്പെടേണ്ട മേഖലകൾ ശക്തിപ്പെടുത്തുന്നതിനും പോർട്ട് ഫോളിയോ വിശകലനം സഹായിക്കും.

## 5.5 ഫീഡ് ബാക്ക്

ഓരോ ക്ലാസ് /പ്രവർത്തനം പൂർത്തിയാകുമ്പോഴും കോർഡിനേറ്റർക്ക് ഫീഡ് ബാക്ക് ലഭിക്കുന്നതിനുള്ള തന്ത്രങ്ങൾ കർമ്മപരിപാടിയിൽ ഉൾപ്പെടുത്തണം. തുടർന്നു നടക്കേണ്ട ക്ലാസുകളുടെ വിഷയം, സമയം, വിനിമയരീതികൾ, ഉല്പ്പന്നങ്ങൾ എന്നിവ കൃത്യപ്പെടുത്താൻ ഫീഡ് ബാക്കിലെ പ്രതികരണങ്ങൾ ഉപയോഗപ്പെടുത്താം. താഴെക്കുറിക്കുന്ന ഗുണഭോക്താക്കളിൽ നിന്ന് അധ്യാപകർക്കു ഫീഡ് ബാക്ക് സ്വീകരിക്കാവുന്നതാണ്.

- പങ്കാളികളായ വിദ്യാർഥികളിൽ നിന്ന്
- രക്ഷകർത്താക്കളിൽ നിന്ന്
- റിസോഴ്സ് ഗ്രൂപ്പ്/ അക്കാദമിക സമിതി അംഗങ്ങളിൽ നിന്ന്
- മോണിറ്ററിങ് സമിതി അംഗങ്ങളിൽ നിന്ന്

ഫീഡ് ബാക്ക് സ്വികരിക്കുന്നതിനായി മുൻകൂട്ടിയുള്ള ആസൂത്രണം അനിവാര്യമാണ്. ഫീഡ് ബാക്ക് സ്വീകരിക്കേണ്ട മേഖലകൾ, ഗുണഭോക്താക്കൾ, ഉപാധികളുടെ സ്വഭാവം എന്നിവ മുൻകൂട്ടി നിശ്ചയിക്കണം. പ്രതികരണങ്ങൾ ലഭിക്കേണ്ട വിഷയങ്ങൾ ചോദ്യങ്ങളായോ റേറ്റിങ് സ്കെയിൽ മാതൃകയിലോ നൽകാം. ഗൂഗിൾ ഫോം ഉപയോഗിച്ചാണ് സ്വീകരിക്കുന്നതെങ്കിൽ പ്രതികരണങ്ങൾ തിരഞ്ഞെടുക്കാനും സ്വതന്ത്രമായി അഭിപ്രായമെഴുതാനും അവസരം നൽകാവുന്നതാണ്. ഫീഡ് ബാക്ക് ഫോമുകൾ ലഭിച്ചുകഴിഞ്ഞാൽ അവ ക്രോഡീകരിക്കാനും നിർദ്ദേശങ്ങൾ നൽകാനും പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താനും അവ എങ്ങനെ സ്വീകരിച്ചു എന്നു പ്രസിദ്ധപ്പെടുത്താനും തയ്യാറാകുമ്പോഴാണ് ഈ ദൗത്യം പൂർത്തിയാകുന്നത്.

ക്ലാസുകൾ പൂർത്തീകരിച്ച ശേഷം റിസോഴ്സ് ഗ്രൂപ്പ് അംഗങ്ങളുടെ സാന്നിധ്യത്തിൽ നടക്കുന്ന സ്വതന്ത്രമായ ആശയവിനിമയത്തിലൂടെ ഫീഡ് ബാക്ക് ലഭിക്കുന്ന മാതൃക സ്വീകരിക്കാവുന്നതാണ്. ഇതിൽ പങ്കാളികൾ പറയുന്ന പ്രക്തമായ കാര്യങ്ങൾ കോർഡിനേറ്റർ രേഖപ്പെടുത്തുകയും അവ ഡോക്യുമെന്റേഷന്റെ ഭാഗമാക്കുകയും വേണം. ഇപ്രകാരം ഫീഡ് ബാക്ക് സമാഹരിക്കുമ്പോൾ മുൻ നിശ്ചയിച്ച പ്രകാരം പ്രതീക്ഷിത വിഷയങ്ങളെ അടിസ്ഥാനമാക്കി ചോദ്യങ്ങൾ തയ്യാറാക്കേണ്ടതാണ്. പ്രശ്നപരിഹരണം കൂടുതൽ ശാസ്ത്രീയമാക്കാൻ ഇത്തരം രീതിയകൾ സഹായകമാകും. ഗുണഭോക്താക്കളുമായുള്ള ആശയവിനിമയങ്ങളും പ്രതികരണങ്ങളും പദ്ധതിയുടെ ഫീഡ് ബാക്ക് എന്ന നിലയിൽ സമാഹരിക്കുവാനും ഡോക്യുമെന്റ് ചെയ്യുവാനും കോർഡിനേറ്റർ ശ്രദ്ധിക്കേണ്ടതാണ്.

## 5.6 കോർഡിനേറ്റർമാർ കുട്ടികൾക്ക് നൽകേണ്ട ഫീഡ്ബാക്ക്

ഓരോ ക്ലാസ് സംഘടിപ്പിക്കുമ്പോഴും പൂർത്തിയാകുമ്പോഴും കുട്ടികളുടെ പ്രതികരണങ്ങൾ, ഉല്പന്നങ്ങൾ എന്നിവ പരിഗണിച്ച് ഫീഡ് ബാക്ക് നൽകേണ്ടതാണ്.

- ഓരോ പ്രവർത്തനത്തിനും അധ്യാപകർ നൽകുന്ന ഫീഡ്ബാക്ക് സമയബന്ധിതവും കുട്ടികളെ മുന്നോട്ട് നയിക്കുന്നതുമായിരിക്കണം.
- തന്റെ പഠനപ്രവർത്തനങ്ങളിൽ ഏതെല്ലാം കാര്യങ്ങൾ കൃത്യമായി ചെയ്തു തീർത്തുവെന്നും ഏതെല്ലാം മേഖലകളിൽ ഇനിയും മെച്ചപ്പെടാനുണ്ട് എന്നതും ഫീഡ്ബാക്കിൽ നിന്നു തിരിച്ചറിയാൻ കുട്ടികൾക്കു കഴിയണം.
- ഫീഡ് ബാക്കുകൾ സമയബന്ധിതമാകണം. പ്രവർത്തനം നടക്കുന്ന സന്ദർഭത്തിൽ അല്ലെങ്കിൽ പ്രവർത്തനം നടന്ന തൊട്ടടുത്ത സമയം ഫീഡ് ബാക്ക് നൽകുന്നത് പ്രവർത്തനത്തിൽ പങ്കാളിത്തം മെച്ചപ്പെടുത്തുന്നതിനു സഹായകമാകും.
- ഫീഡ്ബാക്ക് നൽകുന്ന രീതി തുടർപഠനത്തെ സ്വാധീനിക്കാം. ഫീഡ്ബാക്കിന്റെ ആവശ്യകതയും പ്രസക്തിയും കുട്ടികൾക്ക് ബോധ്യപ്പെടും വിധത്തിൽ ആശയവിനിമയം സാധ്യമായാൽ അത് തുടർപ്രവർത്തനങ്ങൾക്ക് ഏറെ പ്രേരണ നൽകും.

## 5.7 ഡോക്യുമെന്റേഷൻ

അക്കാദമിക വർഷത്തിൽ നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ സംബന്ധിച്ച് താഴെ സൂചിപ്പിച്ചിരിക്കുന്ന വിശദാംശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് ഡോക്യുമെന്റേഷൻ തയ്യാറാക്കേണ്ടതാണ്. പദ്ധതി നടത്തിപ്പിന്റെ ഡോക്യുമെന്റേഷൻ രേഖകൾ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് സമർപ്പിക്കേണ്ടതാണ്.

- പദ്ധതിയിൽ പങ്കെടുത്ത വിദ്യാർഥികളുടെ വിവരങ്ങൾ
- റിസോഴ്സ് ഗ്രൂപ്പ് അംഗങ്ങളുടെ വിവരങ്ങൾ
- റിസോഴ്സ് ഗ്രൂപ്പ് അംഗീകാരം നൽകിയ പ്രവർത്തനപദ്ധതി
- വിദ്യാർഥികളുടെ ഹാജർ സംബന്ധിച്ച വിശദാംശങ്ങൾ
- വിദ്യാഭ്യാസ ജില്ലയിൽ സംഘടിപ്പിച്ച ക്ലാസുകളുടെയും പ്രവർത്തനങ്ങളുടെയും ലഘുവിവരങ്ങൾ ചിത്രങ്ങൾ സഹിതം
- വിദ്യാഭ്യാസ ജില്ലയിൽ നടത്തിയ മികവാർന്നതും അനുകരണീയവുമായ പ്രവർത്തനങ്ങൾ
- പദ്ധതിയെ സംബന്ധിച്ച് വിദ്യാർഥികളുടെയും രക്ഷിതാക്കളുടെയും വസ്തുനിഷ്ഠമായ വിലയിരുത്തൽ
- പദ്ധതിക്കായി വിവിധ ഇനങ്ങളിൽ ചെലവായ തുകയുടെ വിശദാംശങ്ങൾ
- പദ്ധതി നടത്തിപ്പിൽ നേരിട്ട പ്രതിസന്ധികൾ മെച്ചപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ

## ഗിഫ്റ്റഡ് ചിൽഡ്രൻ ഡയറി

കുട്ടികൾ പങ്കാളികളാകുന്ന എല്ലാ പ്രവർത്തനങ്ങളുടെയും രേഖപ്പെടുത്തൽ എന്ന നിലയിൽ ഗിഫ്റ്റഡ് ചിൽഡ്രൻ ഡയറിയും വിലയിരുത്തലിന് വിധേയമാക്കേണ്ടതാണ്. മാസത്തിൽ ഒരിക്കൽ കോർഡിനേറ്റർ കുട്ടികളുടെ ഡയറി പരിശോധിക്കുകയും ആവശ്യമായ ഫീഡ്ബാക്ക് നൽകേണ്ടതുമാണ്.

# 6
# വിഷയമേഖലകൾ

ചലനാത്മകമായ അറിവിന്റെയും അന്വേഷണങ്ങളുടെയും കാലത്തിലൂടെയാണ് ഓരോ പഠിതാവും മുന്നോട്ടുപോയ്ക്കൊണ്ടിരിക്കുന്നത്. ഓരോരുത്തരുടെയും താല്പര്യങ്ങളും അന്വേഷണയിടങ്ങളും ഇതിൽ വ്യത്യസ്തമാണുതാനും. ചിന്തകളിലും അറിവുതേടലിന്റെ ഗതിവേഗത്തിലും ശരാശരി പഠിതാക്കളിൽനിന്ന് മുന്നിൽ നിൽക്കുന്ന പ്രതിഭകളായ വിദ്യാർഥികളെ പ്രത്യേകമായി പരിഗണിച്ച് വിവിധ വിഷയങ്ങളിലെ ജ്ഞാനമേഖലകളിലേക്കുള്ള വാതിലുകൾ തുറന്നിടലാണ് ഈ പ്രവർത്തനങ്ങളുടെ ആസൂത്രണത്തിൽ നടക്കേണ്ടത്. ശാസ്ത്രീയവും വ്യവസ്ഥാപിതവുമായ വർത്തമാനകാല സാധ്യതകൾ പരിചയപ്പെടുകയും അവയിലൂടെ തുടരന്വേഷണത്തിന്റെ ഊർജം സ്വയം ഏറ്റെടുക്കാനുള്ള വിധത്തിൽ ഓരോ കുട്ടിയെയും പ്രാപ്തരാക്കുകയും ചെയ്യേണ്ടതുണ്ട്.

## 6.1 അടിസ്ഥാനശാസ്ത്രവും സാങ്കേതികവിദ്യയും

നിരന്തരമായ ചോദ്യങ്ങളിലൂടെയും അന്വേഷണങ്ങളിലൂടെയും മനുഷ്യൻ കണ്ടെത്തിയ അറിവുകളാണ് ശാസ്ത്രത്തിന്റെ അടിസ്ഥാനം. ഈ അറിവുകളുടെ പ്രായോഗികതയിലൂന്നിയാണ് സാങ്കേതികവിദ്യ വളർന്നത്. മാറിയ ലോകത്തെ ജീവിതക്രമം നിയന്ത്രിക്കുന്നതിൽ ശാസ്ത്ര സാങ്കേതിക രംഗത്ത് ഉണ്ടാകുന്ന മുന്നേറ്റങ്ങൾ പ്രധാന പങ്കുവഹിക്കുന്നു. പരിഷ്കരിക്കപ്പെടുന്ന സാങ്കേതികവിദ്യകളുടെ ഉപയോഗം ഒരു രാജ്യത്തിന്റെ വികസനത്തിന് ചാലകശക്തിയാണ്. അതുകൊണ്ടു തന്നെ നിരന്തരമായ പുതുക്കലുകൾക്കും അന്വേഷണങ്ങൾക്കും സ്വയം കണ്ടെത്തലുകൾക്കുമുള്ള നവ സാധ്യതകൾ തുറന്നിട്ടു കൊടുക്കുന്നതാവണം ഈ പദ്ധതിയിലെ പ്രവർത്തനങ്ങളോരോന്നും. ഗവേഷണബുദ്ധിയോടെ ഏറ്റെടുക്കാൻ പറ്റുന്ന വിധത്തിൽ ഉയർന്ന വിഷയമേഖലകളെ പരിചയപ്പെടുത്തിക്കൊടുക്കാനും താല്പര്യങ്ങളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കാനും പദ്ധതി വഴിയൊരുക്കണം. മേഖലകളുടെ പ്രത്യേകതകളും സാധ്യതകളും കണ്ടെത്തുന്നതിനുള്ള ഉൾപ്രേരണകൾ വളർത്തുന്നതിനുള്ള ഇട

പെടലുകളും ഉണ്ടാകേണ്ടതുണ്ട്. ശാസ്ത്രീയ കാഴ്ചപ്പാടുള്ള ഒരു സമൂഹനിർമ്മിതിയുടെ ഭാഗമാകുന്നതിന് ശാസ്ത്രസാങ്കേതികവിദ്യയുടെ നൂതനസാധ്യതകളും രീതികളും കുട്ടികൾ പരിചയപ്പെടണം.

### ഉദ്ദേശ്യങ്ങൾ

1. ശാസ്ത്രപഠനരീതികളും പ്രക്രിയകളും സ്വായത്തമാക്കുന്നതിന്
2. ശാസ്ത്രത്തിലെ നൂതനസങ്കേതങ്ങൾ തിരിച്ചറിയുന്നതിന്
3. ശാസ്ത്രമൂല്യങ്ങൾ, പ്രക്രിയാശേഷികൾ/മനോഭാവങ്ങൾ എന്നിവയുടെ വികാസത്തിന്
4. ശാസ്ത്രസർഗാത്മകത വികസിപ്പിക്കുന്നതിന്

ഈ ഉദ്ദേശ്യങ്ങൾ സാക്ഷാത്കരിക്കുന്നതിന് അടിസ്ഥാനശാസ്ത്രവും സാങ്കേതികവിദ്യയും എന്ന മേഖലയിൽ താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടത്താവുന്നതാണ്.

### പ്രവർത്തനങ്ങൾ

- ശാസ്ത്രജ്ഞരുമായുള്ള അഭിമുഖം (ഓൺലൈൻ സാധ്യത ഉപയോഗപ്പെടുത്താം)
- ശാസ്ത്രഗവേഷണ സ്ഥാപനങ്ങൾ സന്ദർശിക്കൽ
- ശാസ്ത്രചരിത്രം/കണ്ടുപിടുത്തങ്ങളുടെ ചരിത്രം പരിചയപ്പെടൽ- റഫറൻസിങ്, വിദഗ്ദ്ധരുടെ ക്ലാസുകൾ

ഈ പ്രവർത്തനങ്ങൾ നൽകുന്നതിനുമുമ്പായി ശാസ്ത്രജ്ഞന്മാർ, ഗവേഷണ സ്ഥാപന മേധാവി, വിദഗ്ദ്ധർ എന്നിവർക്ക് ഉദ്ദേശ്യം ബോധ്യപ്പെടുത്തണം. കൂടാതെ കോർഡിനേറ്റർ ഈ പ്രവർത്തനങ്ങൾക്കാവശ്യമായ മുന്നൊരുക്കങ്ങൾ നടത്തണം.

- ഉയർന്നതലത്തിലുള്ള പരീക്ഷണങ്ങൾ/ഉപകരണങ്ങൾ സ്വയം രൂപകല്പന ചെയ്യുന്നതിനുള്ള ശില്പശാലകൾ
- ശാസ്ത്രനാടകങ്ങൾ-രചന, അവതരണം
- നൂതനാശയ ശില്പശാലകൾ
- നിർമ്മിതബുദ്ധിയും ഭാവിതലമുറയും(സെമിനാർ)
- മനോചിത്ര രൂപീകരണം-വാർത്താവിനിമയം, ഗതാഗതം, ആരോഗ്യം എന്നിവയിലുണ്ടാകുന്ന മാറ്റങ്ങൾ- ഗ്രൂപ്പ് ചർച്ചയും നൂതനാശയ അവതരണവും

വിദഗ്ദ്ധരുടെ ക്ലാസുകൾ നൽകി കുട്ടികളെ ഇത്തരം പ്രവർത്തനങ്ങളിലേക്ക് നയിക്കാം. കുട്ടികൾക്ക് മുൻകൂട്ടി വിഷയങ്ങൾ നൽകി മുന്നറിവുകൾ ശേഖരിക്കാൻ കോർഡിനേറ്റർ നിർദ്ദേശം നൽകണം.

- കൃത്രിമബുദ്ധി (Artificial Intelligence), റോബോട്ടിക്സ്, ആധുനിക കൃഷിരീതികൾ, നാനോടെക്നോളജി, ബഹിരാകാശം തുടങ്ങിയ വിവിധ വിഷയമേഖലകളിലെ നൂതന കണ്ടെത്തലുകൾ പരിചയപ്പെടുന്നതിന്
- വിദഗ്ധരുടെ ക്ലാസുകൾ, റഫറൻസിങ്അടൽ ടിങ്കറിങ് ലാബുകളുടെ ഉപയോഗം, ബയോടെക്നോളജി ലാബ് സന്ദർശനം തുടങ്ങിയ പ്രവർത്തനങ്ങൾ
- ശാസ്ത്രാന്വേഷണത്തിലേക്ക് നയിക്കുന്ന ഗവേഷണ പ്രോജക്ടുകൾ

ഉദാ:-രസതന്ത്രം/ഊർജ്ജതന്ത്രം/ജീവശാസ്ത്രം എന്നിവയും മനുഷ്യന്റെ ഒരു ദിവസവും.

- ഊർജ്ജ സംരക്ഷണം- പാഴ്വസ്തുക്കളിൽനിന്ന് ഊർജ്ജരൂപങ്ങൾ
- ജലസംരക്ഷണം- ഭൂഗർഭജലം: ലഭ്യത, സാധ്യത, വെല്ലുവിളികൾ
- കാലാവസ്ഥാ വ്യതിയാനം-ഗ്രീൻ സ്കൂൾ/വീട് - കാർബൺ ഓഡിറ്റ്
- സുസ്ഥിര വികസനം
  - കുട്ടികളുടെ ശാസ്ത്രാഭിരുചിയും മനോഭാവങ്ങളും വർദ്ധിപ്പിക്കുന്നതിന് ഉതകുന്ന വൈവിധ്യമായ പ്രവർത്തനങ്ങൾ.
  - പരീക്ഷണ കളരികൾ- ഓരോ കുട്ടിക്കുംശാസ്ത്ര കിറ്റ്
  - സയൻസ് ഫോർ ഫൺ
  - ശാസ്ത്ര ഡോക്യുമെന്ററി പ്രദർശനങ്ങൾ, പ്രവർത്തനങ്ങൾ, റിപ്പോർട്ട് തയ്യാറാക്കൽ, അവതരണങ്ങൾ
  - ശാസ്ത്രവിഷയങ്ങളിൽ ഷോർട്ട് ഫിലിം നിർമ്മാണം, ജില്ലാതല ഫിലിം ഫെസ്റ്റിവൽ അവതരണങ്ങൾ
  - ലാബുകളുടെ സന്ദർശനം, ലഘുപരീക്ഷണത്തിലേർപ്പെടൽ- പരീക്ഷണക്കുറിപ്പ്/നിരീക്ഷണക്കുറിപ്പ് തയ്യാറാക്കൽ/ നിഗമനം രൂപവത്ക്കരിക്കൽ
  - ആകാശനിരീക്ഷണം- (തൊട്ടടുത്ത ഒബ്സർവേറ്ററി ഉപയോഗിക്കാം)
  - ടെലസ്കോപ്പ് നിർമ്മാണ ശില്പശാല
  - സെലസ്ട്രിയൽ കാർട്ടോഗ്രാഫി : വ്യക്തിഗതമായി വാനനിരീക്ഷണം നടത്തി സ്കൈ മാപ്പിങ് നടത്തുന്നു- ഗ്രൂപ്പ് ചർച്ച, അവതരണം, ഉല്പ്പന്ന വിലയിരുത്തൽ
  - ബാറ്ററികളുടെ പരിണാമ ഘട്ടങ്ങൾ-പരിമിതികളും മേൻമകളും (സെമിനാർ അവതരണം)

- ഭാവിയിലെ ഊർജ ആവശ്യങ്ങൾ നിറവേറ്റാൻ ഹൈഡ്രജന് സാധിക്കുമോ? (സംവാദം)
- എല്ലാ രാസപദാർഥങ്ങളും ഹാനികരമോ? എന്തുകൊണ്ട്?

  (അഭിപ്രായസർവ്വെ)
- കേരളത്തിലെ ധാതുവിഭവശേഷികളുടെ ഉറവിടം- ഒരന്വേഷണപ്രോജക്ട്
- മൈക്രോ പ്ലാസ്റ്റിക്കുകൾ വായു, മണ്ണ്, ജലം എന്നിവയെ മലിനമാക്കുന്നു- ഇതുമായി ബന്ധപ്പെട്ടുള്ള പഠനം (ഓരോ കുട്ടിയും അവരുടെ വീടുകളിൽ ഒരാഴ്ച ഉപയോഗിക്കുന്ന പ്ലാസ്റ്റിക്കുകളുടെ ലിസ്റ്റ് തയ്യാറാക്കുന്നു- ദത്ത വിശകലനം- അപഗ്രഥനം- പരിഹാരമാർഗങ്ങൾ-പഠനറിപ്പോർട്ട് അവതരണം)
- വ്യവസായ മേഖലകളിലേക്കുള്ള സന്ദർശനവും അവിടങ്ങളിലെ പാഴ്വസ്തു പരിപാലന സംവിധാനങ്ങളുടെ നിരീക്ഷണവും- റിപ്പോർട്ട് തയ്യാറാക്കൽ
- പ്ലാസ്റ്റിക്കുകൾ തരംതിരിക്കുന്ന ഇടങ്ങൾ സന്ദർശിച്ച് പ്ലാസ്റ്റിക് സംസ്കരണത്തിനായി ബദൽ മാർഗങ്ങൾ കണ്ടെത്തൽ.
- പ്രകാശ മലിനീകരണം: കാരണങ്ങൾ- ദോഷഫലങ്ങൾ- ലഘൂകരിക്കാനുള്ള മാർഗങ്ങൾ (പ്രോജക്ട്)

## 6.2 പരിസ്ഥിതിശാസ്ത്രം

പരിസ്ഥിതിയിലൂടെ പരിസ്ഥിതിയെക്കുറിച്ച് പരിസ്ഥിതിക്കുവേണ്ടി പഠിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന ഒരു പുതിയ തലമുറയെ സൃഷ്ടിക്കാൻ സാധിക്കണം. വൈവിധ്യമാർന്ന പ്രവർത്തനങ്ങളിലൂടെ പരിസ്ഥിതിയുടെ അംബാസഡർമാരായി കുട്ടികൾ മാറണം. 2021-2030 ദശകം ആവാസവ്യവസ്ഥയുടെ പുന: സ്ഥാപനദശകമായി യു.എൻ ആചരിക്കുന്നതും ഓർമ്മപ്പെടുത്തേണ്ടതാണ്.

### ഉദ്ദേശ്യങ്ങൾ

1. പ്രകൃതിയിലുണ്ടാകുന്ന അനുഗുണമല്ലാത്ത മാറ്റങ്ങൾ തിരിച്ചറിയുന്നതിന്
2. ജൈവവൈവിധ്യത്തിന്റെ വൈപുല്യവും പ്രാധാന്യവും തിരിച്ചറിയുന്നതിന്
3. ആവാസവ്യവസ്ഥയുടെ പുന:സ്ഥാപനത്തിനായുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിന്
4. പരിസ്ഥിതി സംരക്ഷണ ബോധവത്ക്കരണ പ്രവർത്തനങ്ങളിൽ പങ്കാളികളാവുന്നതിന്
5. പരിസ്ഥിതി ആഘാതം, കാലാവസ്ഥാ വ്യതിയാനം എന്നിവ തിരിച്ചറിയുന്നതിന്

6. ഗവേഷണാത്മക മനോഭാവത്തോടെ ശാസ്ത്രപ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിന്

7. കാലികമായ പ്രതിഭാസങ്ങളെ (Seaosnal phenomena) കുറിച്ചുള്ള അന്വേഷണങ്ങളിൽ ഏർപ്പെടുന്നതിലൂടെ ശാസ്ത്രകൗതുകം വളർത്തുന്നതിന്

പരിസ്ഥിതിയുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന പ്രവർത്തനങ്ങൾ ഏറ്റെടുത്തു ചെയ്യാവുന്നതാണ്.

## പ്രവർത്തനങ്ങൾ

**സെമിനാറുകൾ**

- കാലാവസ്ഥാവ്യതിയാനം
- ആഗോളതാപനം
- ജൈവവൈവിധ്യശോഷണം
- മലിനീകരണം

**പ്രോജക്ടുകൾ**

- പ്രാദേശികമായി ജൈവവൈവിധ്യം കണ്ടെത്തൽ, വീടിനു ചുറ്റുമുള്ള ജൈവവൈവിധ്യം തിരിച്ചറിയൽ
- ശലഭോദ്യാന നിർമ്മാണം- പഠനകേന്ദ്രത്തിൽ/സ്കൂളിൽ/ വീട്ടിൽ
- ഉദ്യാനനിർമ്മാണത്തിലൂടെ പ്രകൃതിയിൽ(മണ്ണിൽ- അന്തരീക്ഷ താപനിലയിൽ- ജീവജാലങ്ങളുടെ എണ്ണത്തിൽ) ഉണ്ടായ മാറ്റങ്ങൾ കണ്ടെത്തൽ
- ഡിജിറ്റൽ ബയോഡൈവേഴ്സിറ്റി രജിസ്റ്റർ തയ്യാറാക്കൽ
- അധിനിവേശ സസ്യങ്ങൾ/ജന്തുക്കൾ- അവയുടെ പാരിസ്ഥിതിക ഇടപെടലുകൾ, പ്രാദേശിക സസ്യ/ജന്തുവിഭവങ്ങളിലെ വ്യതിയാനങ്ങൾ
- ഹരിത ആർമി പ്രവർത്തനങ്ങളിലും ഹരിതനൈപുണികൾ വികസിപ്പിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ
- ആവാസ വ്യവസ്ഥകളെക്കുറിച്ചുള്ള പഠനങ്ങൾ (കോൾപ്പാടങ്ങൾ, കാവുകൾ, ചതുപ്പുകൾ, കുന്നുകൾ)
- കാലാവസ്ഥാമാറ്റവും ആരോഗ്യവും- ചർച്ച

**ഫീൽഡ്ട്രിപ്പുകൾ**

- ദേശീയ ഉദ്യാനങ്ങൾ
- പുൽമേടുകൾ

- കൃഷിയിടങ്ങൾ
- കണ്ടൽക്കാടുകൾ

**വിദഗ്ദ്ധരുടെ ക്ലാസുകൾ**

- പരിസ്ഥിതി ശാസ്ത്രജ്ഞന്മാർ
- പരിസ്ഥിതി പ്രവർത്തകർ

**സുസ്ഥിരവികസന ലക്ഷ്യങ്ങൾ (SDG2030)**

**Bioblitz**

ജൈവവൈവിധ്യപരമായി പ്രത്യേകതകളുള്ള പ്രദേശങ്ങൾ മുൻകൂട്ടി കണ്ടെത്തി കുട്ടികൾ ആ പ്രദേശത്തുള്ള സസ്യജന്തുവൈവിധ്യം പട്ടികപ്പെടുത്തുന്നു. ജീവികളെ കണ്ടെത്തി വിദഗ്ധരുടെ സഹായത്തോടെ അവയെക്കുറിച്ചുള്ള വിശദവിവരങ്ങൾ ശേഖരിക്കുന്നു. വിവരങ്ങൾ ഉൾപ്പെടുത്തി പ്രാദേശിക ജൈവവൈവിധ്യരജിസ്റ്ററുകൾ തയ്യാറാക്കുന്നു(ഡിജിറ്റൽ കോപ്പിയുമാകാം).വിവരങ്ങൾ ശേഖരിക്കുന്നതിന് ശാസ്ത്രസഹായികളായ ഡിജിറ്റൽ സങ്കേതങ്ങൾ ഉപയോഗിക്കാം.

**മറ്റു പ്രവർത്തനങ്ങൾ**

- ഋതുഭേദങ്ങൾക്കനുസരിച്ച് പക്ഷികൾ, പൂമ്പാറ്റകൾ, തുമ്പികൾ തുടങ്ങിയവയുടെ കുടിയേറ്റങ്ങളുടെ സവിശേഷതകൾ,അതിന് ചെടികളുടെ പുഷ്പിക്കൽ, പരാഗണം എന്നിവയുമായുള്ള ബന്ധം കണ്ടെത്തൽ.
- തേനീച്ച, വണ്ട്, ചീവീട് തുടങ്ങിയ ജീവികളിലെ വൈവിധ്യം, കടലാമ സംരക്ഷണ പ്രവർത്തനങ്ങൾ ഏറ്റെടുക്കൽ
- വാർഷികമായി കേരള വനംവകുപ്പ്, സർക്കാരിതര സംഘടനകൾ എന്നിവ സംഘടിപ്പിക്കുന്ന പൊതുസർവ്വെകളിൽ പങ്കാളിത്തം (ഉദാ: കടുവ, ആന, വരയാട് തുടങ്ങിയവയുടെ സെൻസസ് പദ്ധതികൾ, ചിത്രശലഭങ്ങൾ, പക്ഷികൾ, ഉരഗങ്ങൾ തുടങ്ങിയവയെക്കുറിച്ചുള്ള സർവെകൾ തുടങ്ങിയവ)

## 6.3 സാമൂഹ്യശാസ്ത്രം

മാറ്റത്തിനെക്കുറിച്ചുള്ള പഠനമാണ് ചരിത്രം.ഭൂതകാലത്തിനൊപ്പം നിലപാടുകളുടെയും വീക്ഷണകോണുകളുടെയും അടിസ്ഥാനത്തിൽ വികസിക്കുന്ന സമകാലീന അറിവുകൾ കൂടി അത് ഉൾക്കൊള്ളുന്നു. ദേശം, കാലം, മാറ്റം എന്നിങ്ങനെ ചരിത്രനിർമ്മിതിയുടെ മൂന്ന് അടിസ്ഥാന ആശയങ്ങളെ കുട്ടികൾക്ക് പരിചയപ്പെടുത്തുന്നതിലൂടെ ചരിത്രപഠനം ചരിത്രനിർമ്മാണ പരിശീലനമായി വികസിപ്പിക്കേണ്ടതാണ്. പല കാലഘട്ടങ്ങളെ ശാസ്ത്രീയമായി എങ്ങനെ വായിച്ചെടുക്കുന്നു എന്നും അതിനായി മറ്റു ശാസ്ത്രമേഖലകളിലെ അറിവുകളെയും രീതിശാസ്ത്രങ്ങളെയും എങ്ങനെ ഉപയോഗപ്പെടുത്തുന്നു എന്നുംകൂടി ചരിത്രവിദ്യാർഥികൾ അറിയണം.

സാമൂഹ്യശാസ്ത്രത്തിന്റെ ഉപവിഷയങ്ങളായ ധനതത്വശാസ്ത്രം, രാഷ്ട്രതന്ത്രം, സമൂഹശാസ്ത്രം, മാനവികശാസ്ത്രം, ഭൂമിശാസ്ത്രം തുടങ്ങിയ മേഖലകളിലെ നവീനമായ ആശയങ്ങൾ ഉൾക്കൊള്ളുന്നതിനും പ്രായോഗികതലത്തിൽ ചിന്തിക്കുന്നതിനും കുട്ടികൾ പ്രാപ്തരാകണം.

### ഉദ്ദേശ്യങ്ങൾ

1. സാമൂഹ്യശാസ്ത്രത്തിലെ വിവിധ ഉപവിഷയങ്ങളെക്കുറിച്ച് ധാരണ നേടുന്നതിന്
2. സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട വിവിധ വിഷയമേഖലകളിലെ പ്രായോഗിക ഇടപെടൽ സാധ്യതകൾ കണ്ടെത്തുന്നതിന്

### പ്രവർത്തനങ്ങൾ

- വ്യക്തിത്വങ്ങളെ/ സംഭവങ്ങളെ സമയരേഖയിൽ അടയാളപ്പെടുത്തുക- ചർച്ച
- ചരിത്രഗവേഷണ സ്ഥാപനങ്ങളിലെ സന്ദർശനങ്ങൾ, റിപ്പോർട്ട് തയ്യാറാക്കൽ.
- പ്രോജക്ടുകൾ, സെമിനാറുകൾ/ ഉപന്യാസരചനകൾ
    - പ്ലേഗ്, കോവിഡ് മഹാമാരി തുടങ്ങിയവ ലോകത്തിന്റെ സാമൂഹിക സാമ്പത്തിക മേഖലയിൽ ചെലുത്തിയ സ്വാധീനം താരതമ്യം ചെയ്യുക, വിലയിരുത്തുക
    - ചരിത്ര കാലഘട്ടങ്ങളിൽ തുടങ്ങി ആധുനിക കാലഘട്ടം വരെ ലോകത്തുണ്ടായ സ്ത്രീ മുന്നേറ്റങ്ങൾ, സ്ത്രീ സമൂഹം നേരിടുന്ന പ്രശ്നങ്ങൾ, പരിഹാരങ്ങൾ മുതലായവ.
    - സാമൂഹ്യപ്രശ്നങ്ങളെ പ്രതിഫലിപ്പിച്ച ലോകശ്രദ്ധ നേടിയ കാർട്ടൂണുകളും അവ മുന്നോട്ടുവച്ച സാമൂഹ്യപ്രശ്നങ്ങളും കണ്ടെത്തുക, ചർച്ച ചെയ്യുക.
    - നിലവിലുള്ള നികുതിസംവിധാനങ്ങളും ചരിത്രകാല നികുതിരീതികളും താരതമ്യം ചെയ്ത് വ്യത്യാസം വിലയിരുത്തുക.
    - തെക്കുപടിഞ്ഞാറൻ മൺസൂണിനെ മലയാളികൾ വിളിക്കുന്ന പേരാണ് ഇടവപ്പാതി. ഇടവം പകുതിക്ക് പെയ്യുന്നതുകൊണ്ടാണ് ഈ പേര് വന്നത്. എന്നാൽ ഇപ്പോൾ ഇടവം പകുതിയിൽതന്നെ മഴ എത്താറുണ്ടോ? കാരണം അന്വേഷിച്ച് കണ്ടെത്തുക. കാലാവസ്ഥാവ്യതിയാനം ഉണ്ടാക്കുന്ന മാറ്റങ്ങളെ കുറിച്ച് ഉപന്യാസം തയ്യാറാക്കുക
    - നവമാധ്യമങ്ങളുടെ ഉപയോഗം കുടുംബ സാമൂഹികബന്ധങ്ങളിൽ എങ്ങനെ ബാധിക്കുന്നു? പഠനം

- പരിസ്ഥിതി ബോധവത്ക്കരണ പ്രവർത്തനങ്ങൾ

താഴെപ്പറയുന്ന വേദികളിൽ പ്രതിഭാധനരായ കുട്ടികൾ അവർക്ക് ലഭിച്ച അറിവുകൾ പങ്കുവയ്ക്കേണ്ടതാണ്.

- സ്വന്തം സ്കൂൾ ക്ലബ്ബിന്റെ യോഗങ്ങൾ
- സ്കൂൾ അസംബ്ലി
- രക്ഷാകർതൃ മീറ്ററിങ്ങുകൾ

## 6.4 ഭൂഗർഭ ശാസ്ത്രം

ഭൂമിയുടെ ചരിത്രം, ഭൗതികഘടന എന്നിവയിൽ പ്രവർത്തിക്കുന്ന പ്രക്രിയകളെയും പ്രതിഭാസങ്ങളെയും അതിനോടനുബന്ധിച്ചുണ്ടാകുന്ന മാറ്റങ്ങളെയും കുറിച്ച് പഠിക്കുന്ന ശാസ്ത്രശാഖയാണ് ഭൂഗർഭശാസ്ത്രം.

### ഉദ്ദേശ്യങ്ങൾ

1. ഭൂഗർഭശാസ്ത്രത്തെയും ഉപവിഷയങ്ങളെയും കുറിച്ച് പഠിക്കുന്നതിനും അവയുടെ നൂതന സാധ്യതകൾ കണ്ടെത്തുന്നതിനും
2. ഭൂഗർഭശാസ്ത്രപഠനത്തെ പ്രാദേശിക വിഭവസംരക്ഷണത്തിൽ എങ്ങനെ പ്രയോജനപ്പെടുത്താമെന്ന ധാരണ രൂപപ്പെടുത്തുന്നതിന്

### പ്രവർത്തനങ്ങൾ

**Slop studies**

ഭൂമിയിലെ വിവിധ പ്രദേശങ്ങൾ സമുദ്രനിരപ്പിൽനിന്ന് പല ചെരിവുകളായി കിടക്കുന്നു. ശക്തമായി പെയ്യുന്ന മഴയും മറ്റ് പ്രകൃതിപ്രതിഭാസങ്ങളും ചെരിവുകളിൽ മേൽമണ്ണിലും പാറകളിലും ഉണ്ടാക്കുന്ന ചലനങ്ങൾ മനസ്സിലാക്കാനും അവ തടയുന്നതിനുവേണ്ടി എടുക്കേണ്ട മുൻകരുതലുകളെക്കുറിച്ചും വായനയിലൂടെ അധിക വിവരങ്ങൾ ശേഖരിക്കുന്നതിനും പങ്കുവയ്ക്കുന്നതിനും.

- പ്രാദേശിക ക്വാറികളുടെ മാപ്പിങ് നടത്തി വിവിധ വികസനപ്രവർത്തനങ്ങൾ മൂലം സംഭവിക്കുന്ന പരിസ്ഥിതിനാശം കുറച്ചുകൊണ്ടുവരുന്നതിനാവശ്യമായ ബദൽ സംവിധാനങ്ങളെക്കുറിച്ചുള്ള അവബോധം സൃഷ്ടിക്കുന്നതിന്.

**Net Zero Carbon**

അന്തരീക്ഷത്തിൽ കാർബൺഡൈ ഓക്സൈഡിന്റെ അളവിലുള്ള വർദ്ധനവ് കാലാവസ്ഥാവ്യതിയാനത്തിൽ ചെലുത്തുന്ന സ്വാധീനം പരിഹാരമാർഗ്ഗങ്ങൾ എന്നിവയെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിക്കുന്നതിന്.

### Studies of Rocks & Minerals

നാം ജീവിക്കുന്ന ചുറ്റുപാടിലുള്ള വിവിധ തരം പാറകളെയും ധാതുക്കളെയും പരിചയപ്പെടുത്തുന്നതിനും ഇതുമായി ബന്ധപ്പെട്ട പ്രോജക്റ്റുകൾ ഏറ്റെടുക്കുന്നതിനും.

- പ്രാദേശിക ജലസ്രോതസ്സുകളുടെ സാധ്യതകളെക്കുറിച്ചറിയുന്നതിന് ഉതകുന്ന പ്രവർത്തനങ്ങൾ-(കാസർഗോഡ്, കണ്ണൂർ ജില്ലകളിലെ സുരംഗങ്ങൾ, കാട്ടുചോലകൾ, തണ്ണീർത്തടങ്ങൾ മുതലായവ)

### Drainage Mapping during rainy seaosns

മഴവെള്ളം ഒലിച്ചുപോകുന്ന വഴികൾ, മഴ ഭൂമിയുടെ മുകൾപരപ്പിൽ ഉണ്ടാക്കുന്ന മാറ്റങ്ങൾ, മഴവെള്ളം ഭൂമിക്കടിയിലേക്ക് ഊർന്നിറങ്ങുന്ന സന്ദർഭങ്ങൾ തുടങ്ങിയവയെക്കുറിച്ച് മനസിലാക്കാനുതകുന്ന ഫീൽഡ് സന്ദർശനങ്ങൾ, റിപ്പോർട്ട് തയ്യാറാക്കൽ.

**പങ്കെടുക്കാവുന്ന ചില പ്രോജക്ട് മേഖലകൾ**

- ഖരമാലിന്യ സംസ്കരണം- നൂതനമാതൃകകൾ
- ജലമലിനീകരണം- പ്രാദേശിക കാരണവും പരിഹാരങ്ങളും
- മണ്ണൊലിപ്പ്- നൂതന പരിഹാര മാർഗങ്ങൾ
- വിവിധ തരം ശിലകളെക്കുറിച്ചുള്ള പഠനം
- കേരളത്തിലെ മൺപാളികളുടെ സ്വഭാവം
- തീരദേശ മണ്ണൊലിപ്പും അടിഞ്ഞുകൂടലുകളും (Coastal Erosion and Sedimentation)
- ഭൂഗർഭജല ഗുണമേൻമാപഠനം
- നഗരവത്ക്കരണവും കേരളത്തിലെ ഭൂവിജ്ഞാനവും (Urbanisation and Geology of Kerala)

## 6.5 ഗണിതശാസ്ത്രം

പ്രതിഭകളായ കുട്ടികളുടെ ഗണിതത്തോടുള്ള അഭിരുചി വളർത്തുന്നതിനും താല്പര്യപൂർവ്വം ഗവേഷണപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനും സഹായകരമായ പ്രവർത്തനങ്ങളാണ് സർഗശാലയിൽ നൽകേണ്ടത്. ഇതിനായി സെമിനാറുകൾ, പ്രോജക്ടുകൾ, ഗണിത പുസ്തകങ്ങളുടെ വായന, ഫീൽഡ് ട്രിപ്പ്, വിദഗ്ദ്ധരുടെ ക്ലാസുകൾ, ഗണിത നാടകങ്ങൾ തുടങ്ങിയ സാധ്യതകൾ പ്രയോജനപ്പെടുത്താവുന്നതാണ്.ഗണിതം എല്ലായിടത്തും ഉണ്ട് എന്ന് പറയുമ്പോഴും എവിടെയൊക്കെ എന്ന് അന്വേഷിക്കാനും അതിന്റെ സാധ്യതകൾ അവതരിപ്പിക്കാനും കഴിയുന്ന പ്രവർത്തനങ്ങളെക്കുറിച്ച് ആലോചിക്കേണ്ടതുണ്ട്.

## ഉദ്ദേശ്യങ്ങൾ

1) പ്രകൃതിയിലെ ജ്യാമിതീയ പാറ്റേണുകളെക്കുറിച്ചും അവയുടെ പ്രാധാന്യത്തെക്കുറിച്ചും പഠിക്കുന്നതിന്.

2) പ്രശ്നപരിഹരണശേഷി വികസിപ്പിക്കുന്നതിന്

3) നിത്യജീവിതത്തിൽ ഗണിതത്തിന്റെ പ്രായോഗികതലം തിരിച്ചറിയുന്നതിന്

4) ഗണിതവുമായി ബന്ധപ്പെട്ട നാട്ടറിവുകൾ അന്വേഷിക്കുന്നതിനും അവയുടെ കാലികപ്രാധാന്യം തിരിച്ചറിയുന്നതിനും

5) ഗണിതശാസ്ത്രത്തിൽ താല്പര്യമുണർത്തുന്ന രീതിയിൽ ഐ.സി.ടി സാധ്യതകൾ ഉപയോഗപ്പെടുത്തുന്നതിന്

## പ്രവർത്തനങ്ങൾ

**പ്രകൃതിയിലെ ഗണിതപാറ്റേണുകൾ കണ്ടെത്തുന്നതിനും പ്രോജക്ടുകൾ തയ്യാറാക്കുന്നതിനും**

- പൂക്കളുടെ ദലങ്ങളുടെ എണ്ണം
- ജീവികളുടെ ശരീരത്തിലും ചിറകുകളിലുമുള്ള പാറ്റേണുകൾ
- സംഗീതത്തിലെ ഗണിതം
- തൂക്കുപാലങ്ങൾ, കമാനങ്ങൾ, കെട്ടിടങ്ങൾ എന്നിവയുടെ നിർമ്മിതിയിലെ ഗണിതം

o വെല്ലുവിളി ഉയർത്തുന്ന ഗണിതപ്രശ്നങ്ങൾ പരിഹരിക്കാൻ പ്രാപ്തരാക്കുന്ന പ്രവർത്തനങ്ങൾ

- വിദഗ്ധരുടെ ക്ലാസുകൾ
- പ്രശ്നപരിഹരണത്തിനായി നേരനുഭവങ്ങൾ ശേഖരിക്കൽ
- ഗണിതത്തിലെ പ്രധാനപ്പെട്ട കണ്ടെത്തലുകളുടെയും പ്രശ്നപരിഹാരത്തിന്റെയും ചരിത്രാന്വേഷണ പഠനം
- വെല്ലുവിളി ഉയർത്തുന്ന ഒരു ഗണിതപ്രശ്നം ഓരോ ആഴ്ചയിലും ഏറ്റെടുക്കൽ

o ഗവേഷണാത്മക പ്രോജക്ടുകൾ/ സെമിനാർ പ്രബന്ധങ്ങൾ

- ആരോഗ്യമേഖലയിലെ ഗണിതം
- മാത്തമാറ്റിക്കൽ മോഡലിങ്
- ഗണിതവും ഡിജിറ്റൽ സാങ്കേതികവിദ്യയും
- ആനിമേഷൻ ചിത്രങ്ങളിലെ ഗണിതം

- ഗണിതശാസ്ത്രജ്ഞന്മാരും അവരുടെ ഗണിത സംഭാവനകളും-അന്വേഷണാത്മക പഠനം.
- ഗണിതവുമായി ബന്ധപ്പെട്ട നാട്ടറിവുകൾ-പ്രോജക്ട്. പ്രാദേശികമായി ഉപയോഗപ്പെടുത്തുന്ന ഗണിത അറിവുകൾ കണ്ടെത്തി അവതരിപ്പിക്കുന്നു.
- ഗണിതശാസ്ത്രത്തിൽ താല്പര്യമുണർത്തുന്നതിന് ഐ.സി.ടി സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുന്ന പ്രവർത്തനങ്ങൾ.
- ഫീൽഡ് ട്രിപ്പ്: ഗണിത പഠനത്തിന് സഹായകമായ സ്ഥാപനങ്ങൾ
- ഗണിത നാടകങ്ങൾ: നിത്യജീവിതത്തിലെ ഗണിതം ഉപയോഗപ്പെടുത്തി ഗണിത നാടകങ്ങൾ തയ്യാറാക്കി അവതരിപ്പിക്കാം.
- ഗണിതക്യാമ്പ് രസകരമാക്കാൻ ഗണിതനാടകം, ഗണിതപസിൽ, ഗണിതകേളികൾ തുടങ്ങിയ സാധ്യതകൾ ഉപയോഗിക്കാം.

ക്ലാസ്മുറിക്കപ്പുറം ചിന്തിക്കാനും വളരാനുമുള്ള സാധ്യതകളാണ് ഓരോ പ്രവർത്തനത്തിനും ഉണ്ടായിരിക്കേണ്ടത്. ഓരോ ബാച്ചിനും അനുയോജ്യമായ രീതിയിൽ വേണം പ്രവർത്തനങ്ങൾ നൽകേണ്ടത്.ഓരോ ഘട്ടത്തിലും വളർച്ചയും തുടർച്ചയും ഉറപ്പാക്കുകയും വേണം.

## 6.6 കലയും സംസ്കാരവും

മനുഷ്യൻ തന്റെ അറിവനുഭവങ്ങളിലൂടെ ബഹുസ്വരമായ ജീവിതസമഗ്രതയിൽ നടത്തുന്ന പ്രതികരണങ്ങളിലൂടെയാണ് കലയും സംസ്കാരവും രൂപപ്പെടുത്തുന്നത്. അതുകൊണ്ടുതന്നെ സ്വയം കണ്ടും കേട്ടും വായിച്ചും അനുഭവിച്ചും ഇടപെട്ടും സ്വാഭാവികമായി ആർജ്ജിച്ചെടുക്കാനുതകുന്ന രീതിയിലാകണം നമ്മുടെ ഇടപെടലുകൾ. കലാപ്രകടനങ്ങളുടെ ജൈവികമായ ആർജ്ജവത്തെ അനുഭവിക്കുന്നതിനും തിരിച്ചറിയുന്നതിനും ആസ്വദിക്കുന്നതിനും കുട്ടികൾക്ക് അവസരങ്ങൾ ലഭ്യമാകേണ്ടതുണ്ട്.

### ഉദ്ദേശ്യങ്ങൾ

- അതതു പ്രദേശത്തെ തനതുകലാരൂപങ്ങളെ കാണാനും പരിചയപ്പെടാനും കലാകാരൻമാരോട് ഇടപെടാനുമുള്ള അവസരങ്ങൾ ലഭ്യമാക്കുന്നതിന്
- വിവിധ കലാരൂപങ്ങൾ അവയുടെ സമ്പ്രദായങ്ങൾ എന്നിവ കണ്ടറിഞ്ഞ് ആസ്വദിക്കാനും ആവിഷ്കരിക്കാനും അവസരം ലഭ്യമാകുന്നതിന്
- കലയുടെ സൗന്ദര്യാത്മകത വിമർശനാത്മകത എന്നിവ വളർത്തുന്നതിന്
- ഒന്നിലധികം കലാമാധ്യമങ്ങളും ശൈലികളും പര്യവേഷണം ചെയ്യുന്നതിനുള്ള അവസരം നൽകുന്നതിന്

- കലാരൂപങ്ങളിലൂടെ ചരിത്രം, സമൂഹം, പരിസ്ഥിതി തുടങ്ങിയ വിഷയങ്ങൾ അന്വേഷിക്കാൻ കഴിവ് നേടുന്നതിന്
- കലയുടെ ഭാഷ ഉപയോഗിച്ച് ആത്മവിശ്വാസത്തോടെ ആശയങ്ങൾ പങ്കുവയ്ക്കാൻ പഠിക്കുന്നതിന്

**പ്രവർത്തനങ്ങൾ**

- കുട്ടികളുടെ നാടകശില്പശാലകൾ
- ഫീൽഡ് ട്രിപ്പുകൾ
    - ആർട്ട് ഗ്യാലറി മ്യൂസിയം
    - സ്കൂൾ ഓഫ് ഡ്രാമ
    - ഫിലിം ഇൻസ്റ്റിറ്റ്യൂട്ട്
    - കലാസാംസ്കാരിക കേന്ദ്രങ്ങൾ
- വിദഗ്ദ്ധരുമായുള്ള സംവാദം
- റിഫ്ളക്ടീവ് ജേണൽ തയ്യാറാക്കൽ
- കലാസംവാദം / Artist Talk (Expert Interaction Series)

**വിഷയങ്ങൾ:**

- 'കഥ പറയുന്ന ശരീരം' - ശാരീരികഭാഷയിലൂടെ കഥ പറയുന്ന നൃത്തകലാവിദഗ്ദ്ധരുമായുള്ള സംവാദം
- 'കാഴ്ചയുടെ രാഷ്ട്രീയം' - സിനിമയിലെയും ചിത്രകലയിലെയും കാഴ്ചയുടെ പ്രത്യയശാസ്ത്രം
- 'നാടകം ഒരു പ്രതിരോധമാകുമ്പോൾ' - സാമൂഹിക വിഷയങ്ങളോടൊപ്പം നാടകരൂപങ്ങൾ

o സംവാദം (Debate)

**വിഷയസൂചനകൾ:**

"കല വെറും വിനോദമോ, സാമൂഹിക ഇടപെടലോ?"

■ "പാരമ്പര്യകല v/s ആധുനിക കാഴ്ചപ്പാട്

- "സിനിമയോ നാടകമോ - ഏതാണ് കൂടുതൽ ശക്തമായ മാധ്യമം?"

- കലാവിശകലനം- സെമിനാർ (Mini Art Critique Seminar)

**വിഷയങ്ങൾ:**

- ഒരേ വിഷയം (ഉദാ. 'കരുണ') പല കലാരൂപങ്ങളിലൂടെ പ്രതിനിധീകരിക്കപ്പെട്ടാൽ അതിന്റെ വ്യത്യാസം
- കാവ്യരചന, ചിത്രരചന, enactment - കുട്ടികൾ ഒരു കലാരൂപം തിരഞ്ഞെടുത്ത് ഒരു ചെറിയ പ്രൊജക്റ്റ് തയ്യാറാക്കി അതിന്റെ പിന്നണിയും വിവരണവും പങ്കുവയ്ക്കുന്നു.

o ചിത്രവും ചിന്തയും - Visual Panel Discussion

- ഒരു ചിത്രപ്രദർശനം /ഡിജിറ്റൽ രൂപം കാണുക.
- പിന്നീട് ചിത്രത്തിന്റെ ആശയപരമായ ചിന്തകൾ, പശ്ചാത്തലം, നിറങ്ങളുടെ politics, viewer's response തുടങ്ങിയവ ചർച്ച ചെയ്യുന്നു.

o കലയും സമൂഹവും - Theme-Based Expert Panel

**വിഷയങ്ങൾ:**

- 'കല പാഠപുസ്തകത്തിനപ്പുറത്തേക്ക്'
- 'ഒരു കാഴ്ചയുടെ അർഥം: കലയും രാഷ്ട്രീയവും'
- 'ഭാഷയും സംഗീതവും - അനുഭവങ്ങളുടെയും കാഴ്ചപ്പാടുകളുടെയും സമവായം'

**വിദഗ്ദ്ധരുമായി അഭിമുഖം**

തിരക്കഥാകൃത്ത്, നാടകനിർമ്മാതാവ്, കലാമേഖലകളിലെ മറ്റു വിദഗ്ദ്ധർ, ഗവേഷകർ.

**അനുബന്ധ പ്രവർത്തനങ്ങൾ (Post-event reflection):**

- Think-Pair-Share: എന്താണ് എല്ലാവിധ കലകളിലും അവരെ ഏറ്റവും ആകർഷിച്ചതെന്ന് പങ്കുവയ്ക്കുക
- Poster / Sketch Note:ഓരോ പ്രഭാഷണത്തിലെയും കുട്ടികളുടെ അനുഭവങ്ങൾ സർഗാത്മകമായി രേഖപ്പെടുത്തുക
- Portfolio Entry: ഓരോ സംവാദത്തിനുശേഷവും മാറ്റംവരുത്തിയ ചിന്തകൾ കുറിക്കുക

**പ്രോജക്റ്റ്:**

വിവിധ കലാരൂപങ്ങൾ ആസ്പദമാക്കിയ പ്രോജക്റ്റുകളുടെ മാതൃകകൾ:

- നാടകപ്രേമിയുടെ യാത്രാപഥം-

പ്രോജക്ട്: കേരളത്തിലെ ഒരു പ്രശസ്ത നാടകത്തിന്റെ ചരിത്രം തിരഞ്ഞെടുത്ത് അതിന്റെ അതിജീവനവും സമൂഹപ്രഭാവവും അടിസ്ഥാനമാക്കിയ പഠനം (portfolio/ documentary / presentation).

* ഔട്ട്പുട്ട്: സ്ക്രാപ്പ്ബുക്ക്, റോൾ-പ്ലേ, ലഘുനാടക അവതരണം

- ഒരു ദൃശ്യത്തിന്റെ കഥ - സിനിമ, കഥയും സംവേദനവും

പ്രോജക്ട്: ഒരു സിനിമാ സീൻ തിരഞ്ഞെടുത്ത് അതിന്റെ കഥാസന്ദർഭം, സംഗീതം, ക്യാമറയുടെയും പ്രതീകങ്ങളുടെയും ഉപയോഗം വിശകലനം ചെയ്യുക. അതിന് 'പുതിയ തുടർച്ച' എഴുതുക.

* ഔട്ട്പുട്ട്: വിഷ്വൽ സ്റ്റോറിബോർഡ് + സ്ക്രിപ്റ്റ് റീറൈറ്റിങ്

* കഴിവുകൾ: ചലച്ചിത്ര സാക്ഷരത, സർഗ്ഗാത്മക എഴുത്ത്, വൈകാരിക വിശകലനം

- 'നിറങ്ങൾ സംസാരിക്കുന്നു' - ചിത്രകലാശാസ്ത്രം

പ്രോജക്ട്: പഴയ ചിത്രരചനകളിൽ നിന്നും വർത്തമാനകാല ഡിജിറ്റൽ ചിത്രകലയിൽ വരെ നിറങ്ങളുടെ ഉപാധികളും സാംസ്കാരിക പ്രസക്തിയും വിശദീകരിക്കുക.

* ഔട്ട്പുട്ട്: കളർ വീൽ പ്രോജക്ട്, മൂഡ് പെയിന്റിങ്ങുകൾ,

- കലയും തദ്ദേശീയതയും

പ്രോജക്ട്: തദ്ദേശീയ കലാരൂപങ്ങൾ തിരഞ്ഞെടുത്ത് അവയുടെ അതിജീവനം, സാമൂഹിക പങ്ക്, അവതരണരീതി എന്നിവയുടെ അടിസ്ഥാനത്തിൽ ഡോക്യുമെന്റേഷൻ

* ഔട്ട്പുട്ട്: ഫീൽഡ് സ്റ്റഡി ജേണൽ, കലാകാരന്മാരുമായുള്ള അഭിമുഖം, മോഡൽ പ്രകടനം

- സംഗീത വിശകലനം

പ്രോജക്ട്: രണ്ടുതരം സംഗീതരൂപങ്ങൾ (ഉദാ: കർണാടിക്/റാപ് / നാടൻപാട്ട് / സിനിമാഗാനം) താരതമ്യം ചെയ്ത് പഠിക്കുക. അവയുടെ ഭാഷ, താളം, ലക്ഷ്യം എന്നിവയുടെ വ്യത്യാസങ്ങൾ അടയാളപ്പെടുത്തുക.

* ഔട്ട്പുട്ട്: സംഗീതതാരതമ്യ ചാർട്ട്, ഓഡിയോ ഡയറി, തത്സമയ പ്രദർശനത്തോടുകൂടിയ അവതരണം

- കല കാലങ്ങളിലൂടെ

പ്രോജക്ട് : ഒരേ കലാരൂപം വ്യത്യസ്ത കാലഘട്ടങ്ങളിൽ എങ്ങനെയുണ്ടായിരുന്നെന്ന് പഠിക്കുക

*ഉദാ: 'നാടകത്തിന്റെ രൂപാന്തരങ്ങൾ', 'കവിതയിലെ ചിത്രഭാവങ്ങൾ',

- കലയും ടെക്നോളജിയും

പ്രോജക്ട്: ഒരേ കലാരൂപം സാങ്കേതികമാധ്യമങ്ങൾ ഉപയോഗിച്ച് എങ്ങനെ പുതുമയാർജിച്ചു എന്നതിനെ കുറിച്ച് പഠിക്കുക.

* ഔട്ട്പുട്ട്: സ്ലൈഡ്, പോഡ്കാസ്റ്റ് എപ്പിസോഡ്, കുട്ടികളുടെ പ്രോജക്ട് റിപ്പോർട്ട് വൈവിധ്യമാർന്ന രീതികളിൽ അവതരിപ്പിക്കാവുന്നതാണ്.

കുട്ടികളുടെ പഠനപശ്ചാത്തലവും, താല്പര്യവും അനുസരിച്ച് വിഷയങ്ങൾ തിരഞ്ഞെടുക്കാവുന്നതാണ്.

കലാ-സാംസ്കാരിക മേള / ആർട്ട് &കൾചറൽ എക്സ്പോ:

**പ്രവർത്തനങ്ങൾ:**

**ചിത്രകലാ ഗാലറി (Visual Art Gallery Zone)**

- കുട്ടികളുടെ സ്വന്തം വരകളും ചിത്രരചനകളും
- കോളാഷ്, ഡിജിറ്റൽ ആർട്ട്, വിവിധ വിഷയങ്ങൾ ആധാരമാക്കിയ പെയിന്റിംഗ്
- 'നിറങ്ങൾ സംസാരിക്കുന്നു', 'ഞാൻ കണ്ട സങ്കല്പം' തുടങ്ങിയ തീമുകൾ

**പ്രകടനവേദി (Performance Arena)**

- നാടകം, ഏകപാത്രം, ഷാഡൊ പ്ലേ, മൈം
- തദ്ദേശീയ കലാരൂപങ്ങൾ (തെയ്യം, ഒട്ടൻതുള്ളൽ, കഥകളി)
- നാടകം (Experimental Play) - 'ഒരു മിനിറ്റ് നാടകങ്ങൾ', 'ശരീരം കൊണ്ട് കഥ പറയുക'

**സംഗീതവും താളവുമായ സ്റ്റുഡിയോ (Sound & Rhythm Studio)**

- കുട്ടികളുടെ സ്വന്തം സംഗീതസൃഷ്ടികൾ
- താളവാദ്യങ്ങൾ ഉപയോഗിച്ചുള്ള കൂട്ടുകച്ചേരി
- സംഗീതം കേട്ട് വരയ്ക്കൽ (Sound to Art)

**സിനിമയും മീഡിയയും (Film & Media Lab)**

- കുട്ടികൾ സംവിധാനം ചെയ്ത ചെറിയ സിനിമകൾ
- ക്ലേ ആനിമേഷൻ, സ്റ്റോപ്പ് മോഷൻ, ഡോക്യുമെന്ററി
- സിനിമാ വിശകലനം, ക്രിട്ടിക്ക് സോൺ

### സാംസ്കാരിക ചരിത്രമേഖല (Cultural History Zone)

- കേരളത്തിന്റെ തദ്ദേശീയ കലാരൂപങ്ങളുടെയും പാരമ്പര്യങ്ങളുടെയും മിനി മ്യൂസിയം
- മോഡലുകൾ, വസ്തുതാപരമായ ഡിസ്‌പ്ലേകൾ

### ചിന്താവേദി (Idea Zone / Thought Cafe)

- ഡിബേറ്റുകൾ, ചർച്ചകൾ, പോഡ്കാസ്റ്റ് റെക്കോർഡിങ്
- 'Art & Me' - കുട്ടികൾക്ക് കലയുമായുള്ള വ്യക്തിപരമായ ബന്ധം പറയാനുള്ള വേദി

### Interactive Art Corners

- ലൈവ് ആർട്ട് -ചിത്രരചന
- Community Canvas - എല്ലാവരും ചേർന്ന് ഒരു വലിയ ചിത്രം വരയ്ക്കുന്നു
- Art from Waste - ആസ്വാദ്യപ്രദമായ പുനരുപയോഗ പ്രവർത്തനം
- Creative Booths - സ്വന്തം കലാസൃഷ്ടികൾ അവതരിപ്പിക്കുക
- Meet the Artist Simulation - അവർ ഇഷ്ടപ്പെടുന്ന കലാകാരനെ 'അവർ തന്നെയാണ്' എന്നപോലെ അവതരിപ്പിക്കുക

**അനുബന്ധ പ്രവർത്തനങ്ങൾ:**

- Reflection wall/card: 'കല എന്നെ എന്താണ് പഠിപ്പിച്ചത്...' എന്ന തലക്കെട്ടിൽ
- Portfolio entry: അനുഭവങ്ങൾ, ചിത്രങ്ങൾ, എഴുത്തുകൾ
- Peer feedback: പരസ്പര വിലയിരുത്തൽ

## 6.7 ഭാഷയും സാഹിത്യവും ആശയവിനിമയശേഷിയും

പ്രതിഭാധനരായ കുട്ടികൾക്ക് അവരുടെ ആഴത്തിലുള്ള ചിന്ത കൃത്യമായി പ്രകടിപ്പിക്കുന്നതിനുള്ള ഭാഷാവികസനം ആവശ്യമുണ്ട്. ഭാഷാപ്രാവീണ്യം ആത്മവിശ്വാസം വളർത്തുന്നു. ഉയർന്ന ഭാഷാശേഷികളുള്ള കുട്ടികൾക്ക് സ്വന്തം രചനകളിലൂടെ വികാരവിചാരങ്ങളെ പ്രകടിപ്പിക്കാനുള്ള കഴിവ് ലഭിക്കുന്നു. പ്രതിഭാധനരായ കുട്ടികളുടെ സൃഷ്ടിപരമായ കഴിവുകളുടെ വികാസത്തിലൂടെ അവരുടെ മാനസിക ആരോഗ്യത്തിനും വ്യക്തിമൂല്യങ്ങൾ, സാമൂഹിക മൂല്യങ്ങൾ എന്നിവ ഉയർത്തുന്നതിനും കഴിയുന്നു.

## ഉദ്ദേശ്യങ്ങൾ

1. വായനയെ പ്രോത്സാഹിപ്പിക്കുന്നതിലൂടെ വ്യത്യസ്ത ഭാഷകളിലുള്ള മികച്ച കൃതികൾ പരിചയപ്പെടുന്നതിന്
2. സർഗരചനാ ശില്പശാലകളിൽ പങ്കാളികളാകുന്നതിന്
3. സെമിനാർ/ സംവാദം തുടങ്ങിയ വിവിധ വ്യവഹാരരൂപങ്ങളിലൂടെ ഭാഷയുടെ ഉയർന്ന ശേഷികൾ ആർജിക്കുന്നതിന്
4. എഴുത്തിന്റെ സർഗാത്മക സാധ്യതകൾ പരിചയപ്പെടുത്തി ഗൗരവതരമായ വായനയുടെയും എഴുത്തിന്റെയും പ്രാധാന്യം കുട്ടികളിൽ എത്തിക്കുന്നതിന്

## പ്രവർത്തനങ്ങൾ

പുസ്തകാവലോകനം

ചലച്ചിത്രാവലോകനം

ഉയർന്ന ഭാഷാശേഷികൾ ആർജിക്കുന്നതിനുതകുന്ന സംവാദങ്ങൾ/സെമിനാറുകൾ

- കേരളത്തിന്റെ സാംസ്കാരിക തനിമ
- സാമൂഹ്യമാധ്യമങ്ങളുടെ സ്വാധീനം വിദ്യാർഥികളിൽ
- പ്രാദേശിക ഭാഷാപ്രയോഗങ്ങളുടെ തനിമയും ഭംഗിയും
- ഇന്റർനെറ്റിന്റെ ഭാവി
- സോഷ്യൽ മീഡിയയുടെ ഉപയോഗവും ദുരുപയോഗവും
- വായനയുടെ ആനന്ദം
- ആഗോളതാപനം-കാരണങ്ങൾ, ഫലങ്ങൾ, പരിഹാരങ്ങൾ
- സൗരോർജ്ജം - സാധ്യതകൾ, വെല്ലുവിളികൾ
- സുസ്ഥിര വികസന കാഴ്ചപ്പാടുകൾ
- കലയും മാനവികതയും

**സർഗരചനാശില്പശാലകൾ**

- വ്യത്യസ്ത വ്യവഹാരരൂപങ്ങൾ പരിചയപ്പെടുന്നു
- എഴുത്തുകാരുടെ രചനാനുഭവങ്ങൾ പങ്കുവയ്ക്കുന്നു

- ഗ്രൂപ്പ് ചർച്ച-
- ഭാഷാ ഫെസ്റ്റുകൾ

- കുട്ടികളുടെ സൃഷ്ടികൾ പങ്കുവയ്ക്കുന്നു
- വിവിധ ഭാഷകളിൽ കഥ പറച്ചിൽ, സ്കിറ്റ്, മോണോ ആക്ട്,റോൾപ്ലേ, സംഘഗാനം, പ്രസംഗം തുടങ്ങിയ പ്രവർത്തനങ്ങൾ

## 6.8 ജീവിത നൈപുണി വികാസം

പ്രതിഭാധനരായ കുട്ടികൾ പലപ്പോഴും വിപുലമായ വൈജ്ഞാനിക കഴിവുകൾ, സർഗാത്മകത, തീവ്രമായ ജിജ്ഞാസ എന്നിവ പ്രകടിപ്പിക്കുന്നു. ഭൗതികകഴിവുകൾക്കൊപ്പം ജീവിതത്തിന്റെ സാമൂഹിക വൈകാരിക പ്രായോഗികവശങ്ങൾ ഫലപ്രദമായി പ്രയോഗിക്കുന്നതിന് അവശ്യജീവിത നൈപുണികൾ വികസിപ്പിക്കേണ്ടതുണ്ട്.

### ഉദ്ദേശ്യങ്ങൾ

കുട്ടിയുടെ സമഗ്രവികാസത്തിനുതകുന്ന വിധത്തിൽ ജീവിതനൈപുണികൾ വികസിപ്പിക്കുന്നതിന്

### പ്രവർത്തനങ്ങൾ

ജീവിതനൈപുണീവികസനത്തിലുള്ള ചില പ്രവർത്തനങ്ങൾ താഴെ കൊടുക്കുന്നു.

- Role play, Debate (Communication skills)
- Puzzle challenge (Critical thinking & problem solving)
- Creative drawing, brain storming (Creativity)
- Who am I - Portrait drawing &Filling the portrait with one's own skill(Self-awareness)
- Team building games(Team work & collaboration)

## രക്ഷിതാക്കളോട്

കഠിനപ്രയത്നവും ബുദ്ധിവൈഭവവും കൊണ്ട് അറിവിന്റെ ലോകത്ത് സവിശേഷശ്രദ്ധ നേടിയ വിദ്യാർഥികളുടെ രക്ഷിതാക്കളെന്ന നിലയിൽ ഗിഫ്റ്റഡ് ചിൽഡ്രൻ പദ്ധതിയിൽ രക്ഷിതാക്കൾക്കും പ്രമുഖ സ്ഥാനമുണ്ട്. കുട്ടികൾ കൂടുതൽ ഉയരങ്ങളിലേക്ക് എത്തേണ്ടവരാണെന്നും അവരുടെ പ്രതിഭകൾ പ്രോത്സാഹിപ്പിക്കേണ്ടത് തങ്ങളാണെന്നുമുള്ള ചിന്ത രക്ഷിതാക്കൾക്കുണ്ടാകണം. അതിനു കിട്ടിയ അവസരങ്ങളെ ഫലപ്രദമായി വിനിയോഗിക്കുക എന്നത് സ്വന്തം കുട്ടികളോട് മാത്രമല്ല പൊതുസമൂഹത്തോടും പുലർത്തേണ്ട പ്രധാന ഉത്തരവാദിത്വമാണ്. കുട്ടികളുടെ വൈജ്ഞാനിക വളർച്ചയ്ക്കായി രക്ഷിതാക്കൾ താഴെപ്പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കണം.

- പഠനലക്ഷ്യമെന്നത് കേവലമായ പരീക്ഷാവിജയം മാത്രമല്ലെന്ന ധാരണ പുലർത്തുക
- ഗിഫ്റ്റഡ് ചിൽഡ്രൻ പദ്ധതിക്കായി തിരഞ്ഞെടുക്കപ്പെട്ട കുട്ടികളെ പദ്ധതിയുടെ പ്രവർത്തനങ്ങളിൽ സജീവമായി പങ്കെടുപ്പിക്കുക
- കുട്ടികൾക്ക് മാനസികോല്ലാസം നൽകുന്ന വിധത്തിൽ പഠനസമയം ക്രമീകരിക്കുക
- പുസ്തക വായന, നാടൻ കളികൾ, ബൗദ്ധിക വിജ്ഞാന പരിപാടികൾ തുടങ്ങിയവ പരിപോഷിപ്പിക്കുക
- ഗിഫ്റ്റഡ് ചിൽഡ്രൻ പദ്ധതിയെയും അതിന്റെ പ്രാധാന്യത്തെയും കുറിച്ച് തികഞ്ഞ അവബോധം ഉള്ളവരായിരിക്കുക
- പ്രോഗ്രാം കോർഡിനേറ്ററുമായി നിരന്തരം ആശയവിനിമയം പുലർത്തുക
- കുട്ടികളുടെ ഫീഡ് ബാക്ക് കൃത്യമായി കോർഡിനേറ്റർക്ക് വിനിമയം ചെയ്യുക
- വ്യതിരിക്ത ചിന്ത, സഹകരണ മനോഭാവം, കൂട്ടായ്മ, കലാപ്രവർത്തനം/ ആസ്വാദനം എന്നിവയിലും കുട്ടികൾ പങ്കാളികളാകണമെന്ന ചിന്തയുണ്ടാവുക

## ആർ.പിമാരോട്

വിഷയാധിഷ്ഠിത മേഖലകളിൽ സാമാന്യവിജ്ഞാനം നേടിയവരുടെ മുന്നിലാണ് ക്ലാസുകൾ കൈകാര്യം ചെയ്യുന്നത് എന്ന ധാരണ ആർ.പി.മാർക്കുണ്ടാകണം. കുട്ടികളെ അധിക വിജ്ഞാനത്തിലേക്ക് നയിക്കാനും അവയിൽ അവർ തല്പരരായിരിക്കാനും ക്ലാസുകൾ സഹായകമാകണം. കൂടാതെ,

- വിഷയത്തിലെ ഏറ്റവും പുതിയ അറിവുകൾ ലഭ്യമാക്കാൻ ശ്രദ്ധിക്കണം.
- കുട്ടികളുമായി സുതാര്യമായി സംവദിക്കണം.
- കുട്ടികളെ ചോദ്യങ്ങൾ ചോദിക്കാൻ പ്രേരിപ്പിക്കുകയും ചോദ്യങ്ങൾക്ക് കൃത്യമായ ഉത്തരം ലഭ്യമാക്കുകയും ചെയ്യണം
- പ്രവർത്തനാധിഷ്ഠിത പഠനരീതികൾ അവലംബിക്കണം.
- ക്ലാസുകൾ അറിവുനിർമ്മാണ പ്രക്രിയയ്ക്കു സഹായകമാകുംവിധം സംവിധാനം ചെയ്യണം

## കുട്ടികളോട്

- അറിവ് നേടാനുള്ള ഒരവസരവും നഷ്ടപ്പെടുത്തരുത്
- നിങ്ങളിലെ പ്രതിഭയെ കൂടുതൽ തിളക്കമുള്ളതാക്കി മാറ്റാനുള്ള പഠനപദ്ധതിയാണിത്. നിങ്ങൾക്കുവേണ്ടി പ്രത്യേകം ആസൂത്രണം ചെയ്യുന്ന ക്ലാസുകൾ ഒന്നുംതന്നെ നഷ്ടപ്പെടുത്താതെ മുഴുവൻ ക്ലാസുകളിലും പങ്കെടുക്കേണ്ടതാണ്.

- ക്ലാസ് നടക്കുന്ന സെന്ററുകളിൽ (സർഗശാല) കൃത്യസമയത്ത് എത്തിച്ചേരാനും അച്ചടക്കത്തോടെ പരിപാടികളിൽ പങ്കെടുക്കാനും ശ്രദ്ധിക്കേണ്ടതാണ്.
- ക്ലാസിൽ സ്വതന്ത്ര ചിന്തയോടെയുള്ള ചർച്ചകളിലും സംവാദങ്ങളിലും ക്രിയാത്മകമായി പങ്കെടുക്കേണ്ടതാണ്.
- മറ്റു കുട്ടികൾക്ക് പ്രോത്സാഹനവും പിന്തുണയും നൽകിക്കൊണ്ട് നല്ലൊരു ടീം ആയി പ്രവർത്തിക്കാൻ സാധിക്കണം.
- ഓരോ ക്ലാസിനുശേഷവും ആ ക്ലാസിൽ ലഭിച്ച അനുഭവങ്ങളെ കുറിച്ച് ഫീഡ് ബാക്ക് ചർച്ചയിൽ പങ്കെടുക്കേണ്ടതാണ്.
- വിദ്യാഭ്യാസ വകുപ്പ് കുട്ടികൾക്ക് വേണ്ടി സംഘടിപ്പിക്കുന്ന വിവിധ പരിപാടികളിൽ പങ്കെടുക്കാനുള്ള അവസരം പരാമവധി പ്രയോജനപ്പെടുത്തേണ്ടതാണ്.

# 7
# അനുബന്ധങ്ങൾ

**അനുബന്ധം 1**

ഫോട്ടോ

## കുട്ടിയുടെ പ്രൊഫൈൽ

| വ്യക്തിഗത വിവരങ്ങൾ | | |
|---|---|---|
| 1 | കുട്ടിയുടെ പേര് | |
| 2 | ആധാർ നമ്പർ | |
| 3 | അഡ്മിഷൻ നമ്പർ | |
| 4 | സ്കൂൾ | |
| 5 | മൊബൈൽ നമ്പർ | |
| 6 | ഇ-മെയിൽ ഐ.ഡി | |
| 7 | അഡ്രസ്സ് | |

| | | |
|---|---|---|
| 8 | അച്ഛന്റെ പേര് | |
| 9 | അമ്മയുടെ പേര് | |
| 10 | രക്ഷിതാവിന്റെ ജോലി | |
| 11 | അച്ഛൻ, അമ്മ-വിദ്യാഭ്യാസ യോഗ്യത | |
| 12 | കുട്ടിയുടെ അഭിരുചിമേഖല | |
| 13 | ബാങ്ക് അക്കൗണ്ട് | |
| 14 | ബ്ലഡ് ഗ്രൂപ്പ് | |

**അക്കാദമിക വിവരങ്ങൾ** (കൂട്ടിച്ചേർക്കുക)

1) കുട്ടിയുടെ പഠന, പഠനാനുബന്ധ മേഖലകളിലെ നേട്ടങ്ങൾ
2) സർഗാത്മക കഴിവുകൾ
3) പഠനനേട്ടങ്ങൾ/പുരസ്കാരങ്ങൾ
4) ഇഷ്ട വിഷയങ്ങൾ
5) ഭാവിയിൽ എന്താകാൻ ആഗ്രഹിക്കുന്നു ?
6) പഠനത്തിൽ അനുഭവിക്കുന്ന പ്രയാസങ്ങൾ
7) താൽപര്യമുള്ള സർഗാത്മക മേഖല

# കുട്ടിയുടെ വിലയിരുത്തൽ രേഖ

| | |
|---|---|
| വിദ്യാഭ്യാസ ജില്ല- ........................................................................................................... | |
| കുട്ടിയുടെ പേര് | |
| ക്ലാസ് | |
| സ്കൂൾ | |
| സർഗശാലയുടെ ദിവസവും സമയവും | |
| റിസോഴ്സ് പേഴ്സന്റെ പേര്, തസ്തിക | |
| വിഷയം | |
| പഠനതന്ത്രം | |
| എനിക്കുണ്ടായിരുന്ന മുന്നറിവുകൾ | |
| സ്വന്തമാക്കിയ പുതിയ അറിവുകൾ | |
| സ്വന്തമാക്കിയ ശേഷികൾ / കഴിവുകൾ | |
| ക്ലാസിനെ എങ്ങനെ വിലയിരുത്തുന്നു | |
| കൂടുതൽ അന്വേഷിക്കണം എന്ന് തോന്നിയ മേഖലകൾ | |
| ക്ലാസിനെക്കുറിച്ച് എനിക്കുള്ള അഭിപ്രായങ്ങൾ | |

# കോർഡിനേറ്ററുടെ വിലയിരുത്തൽ രേഖ

| | |
|---|---|
| വിദ്യാഭ്യാസ ജില്ല- ........................................................................................................ | |
| കോർഡിനേറ്ററുടെ പേര്, സ്കൂൾ | |
| ഫോൺ നമ്പർ | |
| സർഗശാലയുടെ ദിവസവും സമയവും | |
| റിസോഴ്സ് പേഴ്സന്റെ പേര്, തസ്തിക | |
| ഫോൺ നമ്പർ | |
| മെയിൽ ഐ.ഡി. | |
| മേഖല | |
| വിഷയം | |
| കുട്ടികളുടെ പങ്കാളിത്തം | |
| പഠനതന്ത്രം | |
| പഠന ഉപകരണങ്ങൾ | |
| കുട്ടികൾക്കുണ്ടായ നേട്ടങ്ങൾ | |
| പ്രവർത്തനത്തിന്റെ പരിമിതികൾ | |
| മെച്ചപ്പെടുത്താനുള്ള നിർദ്ദേശങ്ങൾ | |
| കുട്ടികളുടെ അഭിപ്രായം | |
| റേറ്റിങ് | VERY GOOD / GOOD/ AVERAGE / INEFFECTIVE |
| കോർഡിനേറ്ററുടെ ഒപ്പ് | |

# റിസോഴ്സ് പേഴ്സന്റെ വിലയിരുത്തൽ രേഖ

| | |
|---|---|
| വിദ്യാഭ്യാസ ജില്ല- ........................................................................................................ | |
| റിസോഴ്സ് പേഴ്സന്റെ പേര്, തസ്തിക | |
| ഫോൺ നമ്പർ | |
| മെയിൽ ഐ.ഡി. | |
| ദിവസവും സമയവും | |
| മേഖല | |
| വിഷയം | |
| കുട്ടികളുടെ പങ്കാളിത്തം | |
| പഠനതന്ത്രം | |
| പഠന ഉപകരണങ്ങൾ | |
| കുട്ടികൾക്കുണ്ടായ നേട്ടങ്ങൾ | |
| പരിമിതികൾ | |
| മെച്ചപ്പെടുത്താനുള്ള നിർദ്ദേശങ്ങൾ | |
| കുട്ടികളെ കുറിച്ചുള്ള അഭിപ്രായം | |
| പദ്ധതി നടത്തിപ്പിനെക്കുറിച്ചുള്ള അഭിപ്രായം/ നിർദേശം | |
| റിസോഴ്സ് പേഴ്സണിന്റെ ഒപ്പ് | |

**അനുബന്ധം- 5**

# ആക്ഷൻ പ്ലാൻ

| വിദ്യാഭ്യാസ ജില്ല- ........................................................................................ | | | | | |
|---|---|---|---|---|---|
| മാസം | ക്രമ നം. | നടത്താനുദ്ദേശി ക്കുന്ന ക്ലാസുകൾ/ പരിപാടികൾ/വിഷയ സംഗ്രഹം | മേഖല | റിസോഴ്സ് പേഴ്സൺ | തീയതി/ കാലയളവ് |
| ജൂൺ | | | | | |
| ജൂലായ് | | | | | |
| –<br>–<br>– | | | | | |
| –<br>–<br>– | | | | | |

അംഗങ്ങൾ : റിസോഴ്സ് ഗ്രൂപ്പ് ചെയർമാന്റെ ഒപ്പ് :

ഒപ്പ് : പേര് :

എല്ലാ മേഖലകളിലെയും പ്രവർത്തനങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടായിരിക്കണം ആക്ഷൻ പ്ലാൻ തയ്യാറാക്കേണ്ടത്.